സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ജൂലൈ 10 തിങ്കൾ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## ഷാജൻ സ്കറിയയെ അറസ്റ്റ് ചെയ്യാത്തതിൽ പൊലീസിന് ഹൈക്കോടതി വിമർശനം




കൊച്ചി: ഷാജൻ സ്കറിയയെ അറസ്റ്റ് ചെയ്യാത്തതിൽ പൊലീസിന് ഹൈക്കോടതി വിമർശനം. അറസ്റ്റ് വൈകുന്നത് പൊലീസിന്റെ വീഴ്ചയാണ്. അതിന്റെ പേരിൽ മറ്റു മാധ്യമപ്രവർത്തകരെ ബുദ്ധിമുട്ടിക്കരുതെന്നും ജസ്റ്റിസ് കുഞ്ഞികൃഷ്ണൻ പറഞ്ഞു. പൊലീസ് അതിക്രമം ചോദ്യം ചെയ്ത് മാധ്യമപ്രവർത്തകൻ നൽകിയ ഹരജി പരിഗണിക്കുമ്പോഴാണ് കോടതി വിമർശനം.

പ്രതിയല്ലാത്ത ആളുടെ മൊബൈൽ ഫോൺ എങ്ങനെ പിടിച്ചെടുക്കുമെന്ന് കോടതി ചോദിച്ചു. അദ്ദേഹം ഒരു മാധ്യമപ്രവർത്തകനാണ്. ഫോൺ വിട്ടുനൽകണം. മാധ്യമപ്രവർത്തകന്റെ അടിസ്ഥാന അവകാശം ലംഘിക്കപ്പെട്ടു. അന്വേഷണം നടത്താൻ പൊലീസിന് അവകാശമുണ്ട്. എന്നാൽ പ്രതിയല്ലാത്ത ഒരാളെ കസ്റ്റഡിയിലെടുക്കാൻ എങ്ങനെ സാധിക്കുമെന്നും കോടതി ചോദിച്ചു.

മാധ്യമപ്രവർത്തകർ ജനാധിപത്യത്തിന്റെ നാലാം തൂണാണ്. നടപടികൾ പാലിക്കാതെ മൊബൈൽ ഫോണുകൾ പിടിച്ചെടുക്കരുത്. എല്ലാ മാധ്യമപ്രവർത്തകരുടെയും മൊബൈൽ ഫോണുകൾ പിടിച്ചെടുക്കുമോയെന്നും കോടതി ചോദിച്ചു.

## മലബാറിൽ പ്ലസ് വൺ സീറ്റ് ക്ഷാമം; സപ്ലിമെന്ററി അപേക്ഷ ഇന്ന് കൂടി

കോഴിക്കോട്: മൂന്ന് അലോട്ട്മെന്റ് തീർന്നിട്ടും മലബാറിലെ പ്ലസ് വൺ സീറ്റ് ക്ഷാമം രൂക്ഷമായിരിക്കെ സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കാനുള്ള അവസാന തീയതി ഇന്ന് അവസാനിക്കും.

മൂന്നാംഘട്ട അപേക്ഷയിൽ പ്രവേശനം ലഭിക്കാത്തവർക്കും പിഴവ് കാരണം അപേക്ഷ തള്ളിപ്പോയവർക്കും ഇതുവരെ അപേക്ഷിക്കാത്തവർക്കുമാണ് സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിക്കാനുള്ള അവസരം. അപേക്ഷകൾ പരിഗണിച്ച് അടുത്ത ദിവസം തന്നെ പട്ടിക പ്രസിദ്ധീകരിക്കും.

തുടർന്ന് താലൂക്ക് തല പരിശോധന നടത്തി അധിക സീറ്റ് അനുവദിച്ച് ബദൽ സംവിധാനം ഒരുക്കും എന്നാണ് സർക്കാർ നേരത്തെ നൽകിയിരുന്ന ഉറപ്പ്. മൂന്നാം ഘട്ട അലോട്ട്മെന്റിൽ ബാക്കിയുള്ള സീറ്റുകളാണ് സപ്ലിമെന്ററിയിൽ പരിഗണിക്കുക.

അൻപതിനായിരത്തോളം സീറ്റുകളാണ് മെറിറ്റിൽ ആകെ ബാക്കിയുള്ളത് എന്നാണ് റിപ്പോർട്ട്. എന്നാൽ മലബാറിലെ ജില്ലകളിൽ മാത്രം 43,000ത്തോളം കുട്ടികൾ മൂന്നാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ പുറത്തുനിൽക്കുകയാണ്.


മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് കൂടുതൽ കുട്ടികൾ പുറത്തുള്ളത്. ജൂലൈ അഞ്ചിന് തന്നെ ക്ലാസുകൾ തുടങ്ങിയിരുന്നു. എന്നിട്ടും മികച്ച വിജയം നേടിയ കുട്ടികൾ അടക്കം മലബാറിൽ പ്രവേശനം ലഭിക്കാതെ പുറത്തുനിൽക്കുകയാണ്.

വിഷയത്തിൽ മുസ്ലിം ലീഗ് തങ്ങളുടെ രണ്ടാംഘട്ട പ്രക്ഷോഭം ഇന്ന് ആരംഭിക്കാനിരിക്കുകയാണ്. മലബാർ ജില്ലകളിലെ വദ്യാഭ്യാസ ഓഫീസുകൾ ഉപരോധിക്കാനാണ് ലീഗിന്റെ തീരുമാനം.

## മുതലപ്പൊഴിയിൽ മത്സ്യബന്ധന വള്ളം മറിഞ്ഞു, ഒരാൾ മരിച്ചു, മൂന്നുപേരെ കാണാതായി

തിരുവനന്തപുരം: മുതലപ്പൊഴിയിൽ മത്സ്യബന്ധന വള്ളം വീണ്ടും മറിഞ്ഞ് ഒരാൾ മരിച്ചു. പുതുക്കുറിച്ചി സ്വദേശി കുഞ്ഞുമോൻ(42) ആണ് മരിച്ചത്. മൂന്ന് പേരെ കാണാതായി. ഇവർക്കായുള്ള തെരച്ചിൽ തുടരുകയാണ്. പുലർച്ചെ 4 മണിയോടെയാണ് അപകടം നടന്നത്. പുതുക്കുറിച്ചി സ്വദേശി ആന്റണിയുടെ ഉടസ്ഥതയിലുള്ള വള്ളമാണ് മറിഞ്ഞത്.

തീരത്തോടടുക്കവെ തിരമാലയിൽപ്പെട്ട് വള്ളം മറിയുകയായിരുന്നു എന്നാണ് വിവരം. പിന്നീട് നടത്തിയ ശക്തമായ തെരച്ചിലിൽ കുഞ്ഞുമോനെ അബോധാവസ്ഥയിൽ കണ്ടെത്തി. കുഞ്ഞുമോനെ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരിക്കുകയായിരുന്നു. കാണാതായവർക്കായി തെരച്ചിൽ തുടരുന്നു.



അപകടത്തിൽപെട്ട വള്ളം

# ഉത്തരേന്ത്യയിൽ കനത്ത മഴ, 24 മരണം



## മിന്നൽ പ്രളയത്തിൽ കുടുങ്ങിയവരിൽ മലയാളികളും

ന്യൂഡൽഹി: ഹിമാചൽ പ്രദേശിലെ മിന്നൽ പ്രളയത്തിൽ കുടുങ്ങിയവരിൽ മലയാളികളും. വിനോദ സഞ്ചാരികളടക്കം 51 മലയാളികൾ കുടുങ്ങി കിടക്കുന്നതായാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

കളമശ്ശേരി മെഡിക്കൽ കോളജിൽ നിന്ന് വിനോദയാത്രക്ക് പോയ ഡോക്ടർമാർ അടങ്ങുന്ന 27 അംഗ സംഘമാണ് മണാലിയിലും സമീപ പ്രദേശത്തുമായി കുടുങ്ങിയിട്ടുള്ളത്. സംഘത്തിൽ 17 സ്ത്രീകളും 10 പുരുഷന്മാരും ഉണ്ട്.

യാത്രാസംഘം ഡൽഹി കേരള ഹൗസ് അധികൃതരുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഇന്ന് വൈകിട്ടോടെ മലയാളി സംഘത്തിന് മടങ്ങാൻ സാധിക്കുമെന്നാണ് ഡൽഹിയിലുള്ള കേരളാ പ്രതിനിധി കെ.വി തോമസ് മാധ്യമങ്ങളെ അറിയിച്ചിട്ടുള്ളത്.

തൃശൂർ മെഡിക്കൽ കോളജിലെ ഹൗസ് സർജൻസി പൂർത്തിയാക്കിയ 18 അംഗ സംഘം ഹിമാചലിൽ കുടുങ്ങിയിട്ടുണ്ട്. കഴിഞ്ഞ 27-ാം തീയതിയാണ് സംഘം ട്രെയിനിൽ യാത്ര തിരിച്ചത്. ആഗ്രയിൽ നിന്ന് ഡൽഹി, അമൃത്സർ, മണാലി, സ്പിറ്റിവാലി സന്ദർശനം പൂർത്തിയാക്കിയാണ് സംഘം ഗീർഗംഗയിലേക്ക് പോയത്.

ഗീർഗംഗയിൽ ഉള്ളപ്പോഴാണ് കനത്ത മഴയും മിന്നൽ പ്രളയവും ഉണ്ടാകുന്നത്. ഇന്ന് ഡൽഹി വഴി നാട്ടിലേക്ക് മടങ്ങാനിരിക്കുകയായിരുന്നു സംഘം. ഇവിടെ കുടുങ്ങിയ യാത്രാ സംഘത്തിന് വേണ്ട ഭക്ഷണവും താമസസൗകര്യവും ഒരുക്കിയിട്ടുണ്ടെന്ന് ട്രാവൽ ഏജൻസി അറിയിച്ചു.

## വീടുകളും കാറുകളും ഒലിച്ചുപോയി

ഷിംല: ഉത്തരേന്ത്യയിൽ കനത്തമഴയിൽ ജനങ്ങൾ ദുരിതത്തിൽ. മൂന്ന് ദിവസമായി തുടരുന്ന കനത്തമഴയിൽ ഉത്തേരന്ത്യയിൽ 24 പേർക്കാണ് ജീവൻ നഷ്ടമായത്. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിന്റെ അടിയിലായി.

പല നഗരങ്ങളിലും വെള്ളം കയറിയതോടെ ഗതാഗതം സ്തംഭിച്ചു. വരും ദിവസങ്ങളിലും ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, ഹരിയാന, ജമ്മു കശ്മീർ തുടങ്ങിയ പ്രദേശങ്ങളിൽ ശക്തമായ മഴയാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രവചിക്കുന്നത്.

ഹിമാചൽ പ്രദേശിലാണ് ഏറ്റവുമധികം നാശനഷ്ടം ഉണ്ടായത്. മിന്നൽ പ്രളയവും മണ്ണിടിച്ചിലും ജനജീവിതത്തെ സാരമായി ബാധിച്ചു. വാഹനങ്ങളും കടകളും ഒലിച്ചുപോയി. കുത്തിയൊലിച്ചുവന്ന പ്രളയ ജലത്തിൽ വീട് ഒലിച്ചുപോകുന്ന ദൃശ്യങ്ങൾ പുറത്തുവന്നു.രവി, ബിയാസ്, സത്‌ലജ്, ചെനാബ് നദികൾ കരകവിഞ്ഞ് ഒഴുകുകയാണ്.

മണ്ടിയിലെ തുംഗയിൽ വീട് ഒലിച്ചുപോകുന്നതിന്റെയും നഗരത്തിലൂടെ കുത്തിയൊലിച്ച് പ്രളയജലം ഒഴുകുന്നതിന്റെയും നടുക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നു. സോളനിൽ റെക്കോർഡ് മഴയാണ് രേഖപ്പെടുത്തിയത്. 135 മില്ലിമീറ്റർ മഴയാണ് ഞായറാഴ്ച പെയ്തത്. 1971ലെ 105മില്ലിമീറ്റർ മഴയാണ് പഴങ്കഥയായത്.

ഉത്തരാഖണ്ഡിലും സമാനമായ നിലയിൽ മിന്നൽ പ്രളയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജമ്മു കശ്മീരിലെ കത്തുവ, സാംബ ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഡൽഹിയിലും കനത്തമഴയാണ് തുടരുന്നത്.

താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിന്റെ അടിയിലായി. പ്രളയ സാഹചര്യം നിരീക്ഷിക്കുന്നതിന് ഡൽഹിയിൽ 16 കൺട്രോൾ റൂമുകൾ തുറന്നു. രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിലും കനത്തമഴയിൽ ജനജീവിതം തടസ്സപ്പെട്ടു. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിന്റെ അടിയിലായി.



കനത്ത മഴയിൽ തകർന്ന വീട്ടിൽ നാട്ടുകാരും ഉദ്യോഗസ്ഥരും രക്ഷാപ്രവർത്തനം നടത്തുന്നു



ബംഗാളിലെ സ്ട്രോങ് റൂമിന് കാവൽ നിൽക്കുന്ന ഉദ്യോഗസ്ഥർ

## ബംഗാളിൽ 457 ബൂത്തുകളിൽ നാളെ റീപോളിങ്; കനത്ത സുരക്ഷ

കൊൽക്കത്ത: പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സംഘർഷം രൂക്ഷമായതിനെ തുടർന്ന് ബംഗാളിൽ ഇന്ന് റീ പോളിങ് നടക്കും. 19 ജില്ലകളിലായി 697 ബൂത്തുകളിലായാണ് വോട്ടെടുപ്പ് നടക്കുക. രാവിലെ ഏഴു മുതൽ വൈകിട്ട് അഞ്ചു വരെ ഇവിടെ വീണ്ടും തെരഞ്ഞെടുപ്പ് നടക്കും. അക്രമ ഭീഷണി നിലനിൽക്കുന്നതിനാൽ കനത്ത സുരക്ഷാ വലയത്തിലാകും തെരഞ്ഞെടുപ്പ് നടക്കുക. പൊലീസുകാർക്കൊപ്പം കേന്ദ്രസേനയേയും വിന്യസിച്ചിട്ടുണ്ട്.

ഇന്നലെ നടന്ന തെരഞ്ഞെടുപ്പിൽ വൻ അക്രമമാണ് അരങ്ങേറിയത്. കൂടാതെ വോട്ട് കൃത്രിമവും റിപ്പോർട്ട് ചെയ്തു. സംസ്ഥാന വ്യാപകമായി നടന്ന ആക്രമണത്തിൽ 15 പേർ കൊല്ലപ്പെട്ടെന്നാണ് റിപ്പോർട്ടുകൾ. ബൂത്തുകൾ കയ്യേറിയ അക്രമികൾ ബാലറ്റ് പേപ്പറുകൾ തീയിട്ടു നശിപ്പിക്കുകയും ബാലറ്റ് പെട്ടികൾ എടുത്തോടുകയും ചെയ്തു. അക്രമത്തിൽ പ്രധാന പാർട്ടികളെല്ലാം പങ്കാളികളാണ്. അക്രമങ്ങളുടെ വിശദമായ റിപ്പോർട്ട് നൽകാൻ തിരഞ്ഞെടുപ്പ് കമ്മിഷൻ ജില്ലാ മജിസ്ട്രേറ്റുമാരോട് ആവശ്യപ്പെട്ടു.

മുർഷിദാബാദിൽ 175 ബൂത്തുകളിലാണ് റീപോളിങ് നടത്തും. മാൽഡയിൽ 112 ബൂത്തുകളിലും നാദിയയിൽ 89 ബൂത്തുകളിലും റീപോളിങ് നടത്തും. നോർത്ത് പർഗാനയിൽ 45 ബൂത്തുകളിലും സൗത്ത് പർഗാനയിൽ 36 ബൂത്തുകളിലും റീ പോളിങ് നടത്തും. ഇന്നലെ നടന്ന 61,000 ബൂത്തുകളിലായാണ് വോട്ടെടുപ്പ് നടന്നത്. കേന്ദ്ര, സംസ്ഥാന സേനകളുടെ 1.35 ലക്ഷം അംഗങ്ങൾ തിരഞ്ഞെടുപ്പു ഡ്യൂട്ടിയിലുണ്ടായിരുന്നെങ്കിലും വിവിധ ജില്ലകളിൽ അക്രമികൾ അഴിഞ്ഞാടുകയായിരുന്നു. തൃണമൂൽ കോൺഗ്രസ്, ബിജെപി, കോൺഗ്രസ്, സിപിഎം, ഐഎസ്എഫ് പ്രവർത്തകർ അക്രമങ്ങളിൽ കൊല്ലപ്പെട്ടു.



വിഴിഞ്ഞത്ത് കിണറ്റിലകപ്പെട്ട തൊഴിലാളിയുടെ മൃതദേഹം പുറത്തെടുക്കാനുള്ള ശ്രമത്തിൽ നാട്ടുകാരും ഫയർഫോഴ്സും

## വിഴിഞ്ഞത്ത് കിണറ്റിലകപ്പെട്ട തൊഴിലാളിയുടെ മൃതദേഹം പുറത്തെടുത്തു

തിരുവനന്തപുരം: വിഴിഞ്ഞത്തിന് സമീപം മുക്കോലയിൽ കിണർ വൃത്തിയാക്കുന്നതിനിടെ മണ്ണിടിഞ്ഞ് വീണ് കിണറ്റിലകപ്പെട്ടയാളുടെ മൃതദേഹം പുറത്തെടുത്തു. 47 മണിക്കൂർ നേരത്തെ രക്ഷാപ്രവർത്തനങ്ങൾക്ക് ശേഷമാണ് തമിഴ്നാട് സ്വദേശിയായ മഹാരാജിന്റെ മൃതദേഹം പുറത്തെടുക്കാനായത്. ജൂലൈ 8നാണ് കിണർ വൃത്തിയാക്കുന്നതിനിടെ മണ്ണിടിഞ്ഞ് ഇയാൾ കിണറ്റിലേക്ക് വീണത്. പഴയ റിങ്ങുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനിടെയാണ് തമിഴ്നാട് സ്വദേശിയായ തൊഴിലാളി മഹാരാജ് അപകടത്തിൽപ്പെട്ടത്. 90 അടി



താഴ്ചയുള്ള കിണറായിരുന്നു ഇത്.

രാത്രി വൈകിയും വരെ ഫയർ ഫോഴ്സിന്റെയും നാട്ടുകാരുടെയും നേതൃത്വത്തിൽ കിണറ്റിലെ മണ്ണ് മാറ്റുന്ന ജോലികൾ നടന്നിരുന്നു. 90 അടിയോളം താഴ്ചയുള്ള കിണറ്റിൽ 20 അടിയോളം മണ്ണ് നിറഞ്ഞു കിടക്കുകയായിരുന്നു. മണ്ണിടിഞ്ഞ് വീഴുന്ന സാഹചര്യം രക്ഷാ പ്രവർത്തനത്തിന് വെല്ലുവിളിയായി. 80 അടി താഴ്ചയിൽ മണ്ണ് നീക്കം ചെയ്തിട്ടും തൊഴിലാളിയെ പുറത്ത് എത്തിക്കാനായില്ല. ഫയർഫോഴ്സിനും എൻഡിആർഎഫിനും ഒപ്പം വിദഗ്ധരായ തൊഴിലാളികളും തിരച്ചിലിന് എത്തിച്ചേർന്നിരുന്നു. മുക്കോലയിലെ രക്ഷാ ദൗത്യത്തിന് ആലപ്പുഴയിൽ നിന്നുള്ള 26 അംഗ സംഘമാണ് എത്തിയത്.



## തെരുവ് നായ ശല്യം; കോഴിക്കോട് ഏഴ് സ്കൂളുകൾക്ക് അവധി

കോഴിക്കോട് തെരുവ് നായ കടിക്കാതിരിക്കാൻ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു. കോഴിക്കോട് കൂത്താളി പഞ്ചായത്തിലെ ഏഴ് സ്കൂളുകൾക്കാണ് അവധി പ്രഖ്യാപിച്ചത്. അക്രമകാരിയായ തെരുവുനായ്ക്കളെ പിടികൂടാൻ സാധിക്കാത്ത സാഹചര്യത്തിലാണ് അവധി.

അംഗനവാടികൾക്കും അവധിയാണ്. പഞ്ചായത്താണ് അവധി നൽകിയത്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ പണികളും നിർത്തിവച്ചു. ഇന്നലെ വൈകിട്ട് കൂത്താളിയിൽ നാല് പേർക്ക് നായയുടെ കടിയേറ്റിരുന്നു. ഈ സാഹചര്യത്തിലാണ് അവധി പ്രഖ്യാപിച്ചത്.സംസ്ഥാനത്ത് നിലവിൽ തെരുവുനായയുടെ ആക്രമണം കാരണം കുട്ടികൾക്ക് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയാണ്. കഴിഞ്ഞ കുറെ നാളുകളായി ഇ മേഖലയിൽ തെരുവ് നായ ശല്യം രൂക്ഷമാണെന്നാണ് നാട്ടുകാർ പറയുന്നത്.

# കെ. എസ്. ആർ. ടി. സിയിൽ ഡ്രൈവർ കം കണ്ടക്ടർ തസ്തിക



കെ.എസ്.ആർ.ടി.സിയിൽ ഡ്രൈവർ കം കണ്ടക്ടർ എന്നത് പുതിയ തസ്തികയായി രൂപീകരിക്കാൻ തീരുമാനം. ഡ്രൈവർ കം കണ്ടക്ടർ എന്ന കേഡർ തസ്തിക സൃഷ്ടിച്ച് കഴിഞ്ഞ ദിവസം ഉത്തരവുമിറക്കി. എന്നാൽ, പുതിയ തസ്തിക രൂപീകരിച്ചതിന് പി.എസ്.സിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ദീർഘദൂര സർവിസുകളുടെ സുരക്ഷ കണക്കിലെടുത്ത് രണ്ടു ഡ്രൈവർമാർ വേണമെന്നാവശ്യം നേരത്തെയുള്ളതാണ്. കഴിഞ്ഞ ജനുവരിയിൽ യൂനിയൻ പ്രതിനിധികളുമായി ഉണ്ടാക്കിയ കരാറിലും പുതിയ തസ്തിക സംബന്ധിച്ച് വ്യവസ്ഥയും ഉണ്ടാക്കിയിരുന്നു. ഇന്ത്യയിലെ പല റോഡ് ട്രാൻസ്പോർട്ട് കോർപറേഷനുകളിലും ഈ സംവിധാനമുണ്ട്. കെ-സ്വിഫ്റ്റിലും ചില കെ.എസ്. ആർ.ടി.സി ബസുകളിൽ ഇത്തരത്തിൽ രണ്ടു ഡ്രൈവർമാരെ നിയോഗിക്കുകയും അവർ തന്നെ കണ്ടക്ടറുടെ ജോലിയും ചെയ്യുന്ന രീതി ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇതു കാര്യക്ഷമമായി നടപ്പാക്കുന്നതിനാണ് പുതിയ തസ്തിക സൃഷ്ടിച്ചത്. തസ്തികയിലേക്ക് 25 വയസിനും 45 വയസിനും ഇടയിൽ പ്രായമുള്ള നിലവിലെ കെ.എസ്. ആർ.ടി.സി ജീവനക്കാരിൽനിന്ന് താൽപര്യപത്രവും ക്ഷണിച്ചിട്ടുണ്ട്.

ഇവർ വർക്കിങ് അറേഞ്ച്മെന്റ് രീതിയിൽ സ്വിഫ്റ്റിലും ജോലി ചെയ്യേണ്ടി വരും. പരിശീലനം പൂർത്തിയാക്കുന്നവരെ ഓഗസ്റ്റ് 15 മുതൽ ദീർഘദൂര സർവിസുകളിലും അന്തർസംസ്ഥാന സർവിസുകളിലും ഡ്യൂട്ടിക്ക് നിയോഗിക്കാനാണ് മാനേജ്മെന്റ് ആലോചിക്കുന്നത്. പുതിയ തസ്തികയ്ക്ക് പി.എസ്.സിയുടെ അംഗീകാരത്തിനായുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. അതേസമയം, പ്രായപരിധി മാറ്റണമെന്നാണ് വിവിധ യൂനിയനുകളുടെ ആവശ്യം.

# കണ്ണൂരിൽ അരക്കോടിയുടെ സ്വർണം പിടികൂടി

കണ്ണൂർ വിമാനത്താവളത്തിൽ യാത്രക്കാരനിൽനിന്ന് എയർപോർട്ട് പൊലിസ് സ്വർണം പിടികൂടി. ദുബൈയിൽ നിന്നെത്തിയ കോഴിക്കോട് സ്വദേശി മനാഫിൽ നിന്നാണ് 50 ലക്ഷം രൂപ വരുന്ന 900 ഗ്രാം സ്വർണം പിടികൂടിയത്. കസ്റ്റംസ് പരിശോധന കഴിഞ്ഞിറങ്ങിയ ഇയാളെ സംശയം തോന്നിയതിനെ തുടർന്ന് പൊലിസ് കസ്റ്റഡിലെടുക്കുകയായിരുന്നു. ലഗേജിൽ ഒളിപ്പിച്ച നിലയിലായിരുന്നു സ്വർണം. എയർപോർട്ട് എസ്.ഐ കെ.വി പ്രശാന്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ എ.എസ്.ഐ എൻ.പി സന്ദീപ്, സീനിയർ സിവിൽ പൊലിസ് ഓഫിസർ കെ. ശ്രിജിനേഷ് പങ്കെടുത്തു.

# കാട്ടാന ഭീതിയൊഴിയാതെ മലയോരം

ജനവാസ കേന്ദ്രങ്ങളിൽ കാട്ടാന ശല്യം രൂക്ഷമായതോടെ ഭീതിയിൽ മലയോരം. കണിച്ചാർ അണുങ്ങോട് മേഖലയിലെ ജനവാസ കേന്ദ്രങ്ങളിൽ തുടർച്ചയായി കഴിഞ്ഞ നാലുദിവസവും കാട്ടാനയിറങ്ങി കൃഷി നശിപ്പിച്ചിരുന്നു. അണുങ്ങോടിലെ പനച്ചിക്കൽ തങ്കച്ചന്റെ കൃഷിയിടത്തിൽ നാലുതവണയാണ് കൃഷി നശിപ്പിച്ചത്.

തെങ്ങ്, വാഴ, പ്ലാവ് എന്നിവയെല്ലാം വ്യാപകമായി നശിപ്പിച്ചു. രാത്രിയിൽ ചീങ്കണ്ണിപ്പുഴ കടന്ന് കൃഷിയിടത്തിലെത്തുന്ന കാട്ടാന നേരം പുലരുമ്പോഴാണ് മടങ്ങുന്നത്.

മുമ്പ് കാട്ടാന ശല്യം രൂക്ഷമായതിനെ തുടർന്ന് മണത്തണ സെക്ഷൻ വനംവകുപ്പ് ഉദ്യോഗസ്ഥൻ സി.കെ മഹേഷിന്റെ നേതൃത്വത്തിൽ പാലപ്പുഴ മുതൽ കാളികയം വരെ വൈദ്യുത ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കുകയും കാട്ടാന ശല്യത്തിന് പരിഹാരമാവുകയും ചെയ്തിരുന്നു. എന്നാൽ, ഇപ്പോൾ ഒരിടവേളയ്ക്ക് ശേഷം ആറളം വന്യജീവി സങ്കേതത്തിൽ നിന്നു പുഴ കടന്നെത്തുന്ന കാട്ടാനകൾ പുഴയരികിലെ മരങ്ങൾ ഈ വൈദ്യുത തൂക്കുവേലിയിലേക്ക് മറിച്ചിട്ടാണ് ജനവാസ കേന്ദ്രങ്ങളിലെത്തി നാശം വിതയ്ക്കുന്നത്.

രണ്ടുദിവസം മുമ്പ് ആനമതിൽ മറികടന്ന് വളയഞ്ചാലിൽ എത്തിയ കാട്ടാന പുഴ നീന്തിക്കടന്നാണ് വനത്തിലേക്ക് പോയത്.




അനുമോദന സദസ് ബ്ലോക്ക് പഞ്ചായത്ത് അംഗം സുധ കാപ്പിൽ ഉദ്ഘാടനം ചെയ്യുന്നു

# അനുമോദന സദസ് സംഘടിപ്പിച്ചു

അത്തോളി: അത്താണി ഓട്ടമ്പലം പ്രിയദർശിനി ഗ്രന്ഥാലം വായന പക്ഷാചരണ സമാപനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രതിഭകൾക്ക് അനുമോദന സദസും കൊക്കമ്പത്ത് വിശ്വനാഥൻ നമ്പ്യാർ മാസ്റ്റർ അവാർഡ് വിതരണവും ബ്ലോക്ക് പഞ്ചായത്ത് അംഗം സുധ കാപ്പിൽ ഉദ്ഘാടനം ചെയ്തു.

വാർഡ് മെമ്പർ ഫൗസിയ ഉസ്മാൻ അധ്യക്ഷയായി. ചടങ്ങിൽ എസ്.എസ്.എൽ.സി, പ്ലസ് ടു, എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ അനുമോദിച്ചു.

റിപ്പബ്ലിക്ക് പരേഡിൽ പങ്കെടുത്ത അമൻഷ അബ്ദുല്ല, വായനശാല മുതിർന്ന പ്രവർത്തകരായ രവീന്ദ്രൻ കണ്ടോത്ത് കണ്ടി, ജാനകി കോതങ്ങാട്ട് എന്നിവരെ ആദരിച്ചു. പഞ്ചായത്ത് അംഗം ശാന്തി മാവീട്ടിൽ മുഖ്യാതിഥിതിയായി. ജസ്സി ടീച്ചർ അനുസ്മരണ പ്രഭാഷണം നടത്തി. ആർ.ജയസ്നേഹ സംസാരിച്ചു. വായനശാല പ്രസിഡന്റ് വി.എം ഷാജി സ്വാഗതവും സെക്രട്ടറി പി. ഷിബി നന്ദിയും പറഞ്ഞു.

**ഏകസിവിൽകോഡ്**

# ലീഗിന്റെ തീരുമാനം ഉചിതമെന്ന് കെ. സുധാകരൻ



ഏക സിവിൽകോഡുമായി ബന്ധപ്പെട്ട് സി.പി.എം സംഘടിപ്പിക്കുന്ന സെമിനാറിൽ പങ്കെടുക്കില്ലെന്ന മുസ് ലിം ലീഗിന്റെ തീരുമാനം ഉചിതവും സ്വാഗതാർഹവുമാണെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ.

ഏക വ്യക്തിനിയമത്തിൽ കോൺഗ്രസും ലീഗും ഒരുമിച്ച് ഒരുപോലെയാണ് പ്രതികരിക്കുന്നത്. ലീഗ് ഒരിക്കലും കോൺഗ്രസിനെ വിട്ടുപോകില്ല. യു.ഡി.എഫ് മുന്നണി സംവിധാനത്തിന്റെ സൂത്രധാരകരിൽപ്പെട്ട ലീഗിന്റെ വികാരവിചാരങ്ങൾ എന്നും കോൺഗ്രസ് ഉൾക്കൊണ്ടിട്ടുണ്ട്. അതു നാളെയും തുടരും. ലീഗും കോൺഗ്രസും തമ്മിൽ അഭിപ്രായ വ്യത്യാസം ഇല്ലെന്നത് സന്തോഷകരമാണ്.

ലീഗിനെയും കോൺഗ്രസിനെയും തമ്മിൽ തെറ്റിക്കാനും അഭിപ്രായഭിന്നത ഉണ്ടാക്കാനും സി.പി.എം ശ്രമിച്ചു.

അവർക്ക് കുറുക്കന്റെ നയമാണ്. ലീഗിനെയും കോൺഗ്രസിനെയും തമ്മിൽ അകറ്റുക എന്നത് സി.പി.എമ്മിന്റെ രാഷ്ട്രീയ ലക്ഷ്യമാണ്.

സി.പി.എമ്മിന്റെ കെണിയിൽ ലീഗ് വീഴില്ലെന്ന് തെളിയിച്ച നടപടിയാണ് സെമിനാറിൽനിന്ന് വിട്ടുനിൽക്കാനുള്ള അവരുടെ തീരുമാനമെന്നും കെ. സുധാകരൻ പറഞ്ഞു.

# പ്രമുഖ കലാസ്ഥാപനമായ മലയാള കലാഗ്രാമം സ്ഥാപകൻ എ. പി. കുഞ്ഞിക്കണ്ണൻ നിര്യാതനായി



മാഹി: ഉത്തര കേരളത്തിലെ പ്രമുഖ കലാസ്ഥാപനമായ മലയാള കലാഗ്രാമം സ്ഥാപകനും, മാനേജിംഗ് ട്രസ്റ്റിയും ചെന്നൈയിലെ പ്രമുഖ വ്യവസായിയുമായ എ.പി.കുഞ്ഞിക്കണ്ണൻ(96) ചെന്നൈയിൽ നിര്യാതനായി.

ദീർഘകാലമായി ചെന്നൈയിലെയും, കേരളത്തിലേയും സാംസ്ക്കാരിക രംഗത്തെ സജീവ സാന്നിദ്ധ്യമായിരുന്നു. പഴയകാല സോഷ്യലിസ്റ്റാണ്.

സഹോദരങ്ങൾ: എ.പി.ബാലൻ (ബിസിനസ്സ്, ചെന്നൈ), ഡോ. എ.പി.ശ്രീധരൻ (റിട്ട. ഡയറക്ടർ ഓഫ് ഹെൽത്ത്, പോണ്ടിച്ചേരി), എ.പി.വിജയൻ (എഞ്ചിനീയർ, ബാംഗ്ലൂർ), പ്രേമരാജി (ചെന്നൈ), പരേതരായ ലക്ഷ്മി, ദേവകി.

ഇന്ന് ചെന്നൈയിൽ പൊതുദർശനം. നാളെ ചൊവ്വാഴ്ച രാവിലെ 8 മണി മുതൽ 10 വരെ മലയാള കലാഗ്രാമത്തിൽ പൊതുദർശനത്തിന് വെക്കും. പിന്നീട് 10 മണി മുതൽ 12 മണി വരെ ചൊക്ലി കാഞ്ഞിരത്തിൻ കീഴിലെ ആക്കൂൽ തറവാട്ടിൽ പൊതുദർശനവും സംസ്ക്കാരവും നടക്കും. തമിഴകത്തേയും കേരളത്തിലെയും രാഷ്ട്രീയ-സിനിമ സാംസ്ക്കാരിക രംഗത്തെ പ്രമുഖരുമായി ഉറ്റബന്ധമുണ്ടായിരുന്നു. എം. ഗോവിന്ദൻ, എം.പി.ദാമോദരൻ, ഡോ.കെ.ബി.മേനോൻ ,എം. വി.ദേവൻ, ടി.പത്മനാഭൻ, ആർട്ടിസ്റ്റ് നമ്പൂതിരി, കെ.എ കൊടുങ്ങല്ലൂർ, എൻ.പി.മുഹമ്മദ് തുടങ്ങിയവരുമായി ദീർഘകാല ആത്മ സൗഹൃദമുണ്ട്.



ആർട്ടിസ്റ്റ് നമ്പൂതിരിയുടെ അനുസ്മരണ ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ച് തെയ്യം കലാ അക്കാദമി ചെയർമാൻ ഡോ.എ.പി. ശ്രീധരൻ സംസാരിക്കുന്നു

## ആർട്ടിസ്റ്റ് നമ്പൂതിരിയെ അനുസ്മരിച്ചു

മാഹി: മലയാള കലാഗ്രാമത്തിന്റെ രൂപീകരണം തൊട്ട് നാളിത് വരെ അതിന്റെ കലാ-സാംസ്ക്കാരിക വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ച മഹാരഥനാണ് കലാഗ്രാമത്തിന്റെ മാനേജിങ്ങ് ഡയറക്ടർ കൂടിയായ ആർട്ടിസ്റ്റ് നമ്പൂതിരിയെന്ന് തെയ്യം കലാ അക്കാദമി ചെയർമാൻ ഡോ.എ.പി. ശ്രീധരൻ അഭിപ്രായപ്പെട്ടു. മലയാള കലാഗ്രാമം ഓഡിറ്റോറിയത്തിൽ നടന്ന ആർട്ടിസ്റ്റ് നമ്പൂതിരിയുടെ അനുസ്മരണ ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊന്ന്യം ചന്ദ്രൻ, അസിസ് മാഹി, ചാലക്കര പുരുഷു, ഒ.അജിത്കുമാർ, സുരേഷ് കൂത്തുപറമ്പ് എന്നിവർ സംസാരിച്ചു. എം. ഹരീന്ദ്രൻ മാസ്റ്റർ സ്വാഗതവും, പ്രശാന്ത് ഒളവിലം നന്ദിയും പറഞ്ഞു.

# വെള്ളിമാട്കുന്ന് 50 വർഷം പഴക്കമുള്ള കെട്ടിടം തകർന്നു

വെള്ളിമാട് കുന്ന് 50 വർഷം പഴക്കമുള്ള കെട്ടിടം തകർന്നു. സുജാതയുടെ ഉടമസ്ഥതയിലുള്ള നാല് മുറി കെട്ടിടമാണ് ഇന്നലെ രാത്രി 11 : 45 ഓടെ പൂർണമായി തകർന്നു വീണത്. ആളപായമില്ല. പ്രദേശത്തെ റോഡ് നവീകരിച്ചതോടെ കെട്ടിടത്തിനു ചുറ്റും വെള്ളം കെട്ടി കിടക്കാറുണ്ടായിരുന്നു. ഇത് കെട്ടിടത്തിന്റെ ഫൗണ്ടേഷനെ ബാധിച്ചതാണ് കെട്ടിടം തകരാൻ കാരണമായതെന്ന് വെള്ളിമാട് കുന്ന് ഫയർഫോഴ്സ് ഉദ്യോഗസ്ഥർ പറഞ്ഞു.

കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മാർട്ട് വെൽ, നിമിഷ എന്നീ രണ്ട് ടൈലറിങ് കടകൾ പൂർണമായി നശിച്ചു.

കെട്ടിടത്തിന്റെ പിറകുവശത്തു പ്രവർത്തിച്ചിരുന്ന വർക് ഷോപ്പിൽ കൊണ്ടുവന്ന രണ്ട് ബൈക്കുകൾക്കും കേടുപാടുകൾ ഉണ്ട്. 25 ലക്ഷം രൂപയുടെ നാഷനഷ്ടം കണക്കാക്കുന്നതായി ഫയർഫോഴ്സ് ഉദ്യോഗസ്ഥർ പറഞ്ഞു.

ടൈലറിങ് കടകളിൽ മൂന്ന് ലക്ഷം രൂപയുടെ നഷ്ട്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. വെള്ളിമാട് കുന്ന് ഫയർ സ്റ്റേഷനിലെ 2 യൂണിറ്റ് എത്തി രക്ഷപ്രവർത്തനം നടത്തിയത്. അസി. സ്റ്റേഷൻ ഓഫിസർ അബ്ദുൽ ഫൈസി, നിഖിൽ മല്ലുശ്ശേരി, അനൂപ്, വിവേക്, സതീഷ്, സന്ദൽ കുമാർ, ജിതിൻ രാജ് എന്നിവർ രക്ഷപ്രവർത്തനത്തിന് നേതൃത്വം നൽകി.

# കോൺഗ്രസ് മൗനസത്യഗ്രഹം 12ന്

രാഹുൽ ഗാന്ധിക്കെതിരായ ഗുജറാത്ത് ഹൈക്കോടതി നടപടിയിൽ പ്രതിഷേധിച്ചും രാഹുലിന് പിന്തുണ പ്രഖ്യാപിച്ചും കെ.പി.സി.സി ഏകദിന മൗനസത്യഗ്രഹം സംഘടിപ്പിക്കും. തിരുവനന്തപുരം ഗാന്ധി പാർക്കിലെ ഗാന്ധി പ്രതിമയ്ക്ക് മുന്നിൽ 12ന് രാവിലെ 10 മുതൽ വൈകീട്ട് അഞ്ച് വരെയാണ് സത്യഗ്രഹം. കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പങ്കെടുക്കും.

# അക്കാദമികൾക്ക് മൂക്കുകയറിടാനുള്ള നീക്കങ്ങൾക്കെതിരേ പ്രതിഷേധമുയരുന്നു

സാഹിത്യ അക്കാദമി പ്രസിദ്ധീകരണങ്ങളിൽ സർക്കാരിന്റെ രണ്ടാം വാർഷിക പരസ്യം കയറിക്കൂടിയതു വിവാദമായതിനു പിന്നാലെ അക്കാദമികൾക്ക് മൂക്കുകയറിടാനുള്ള നീക്കങ്ങൾക്കെതിരേയും പ്രതിഷേധമുയരുന്നു. സ്വയംഭരണ സ്ഥാപനങ്ങളായ അക്കാദമികൾ യോഗ നടപടികൾ സർക്കാരിന് കൈമാറണമെന്നത് അടക്കമുള്ള 10 നിർദേശങ്ങളടങ്ങിയ ഉത്തരവാണ് വിവാദത്തിന് തിരികൊളുത്തിയിരിക്കുന്നത്.

പൂരക്കളി അക്കാദമി ചെയർമാനും മുൻ എം.എൽ.എയുമായ കെ. കുഞ്ഞിരാമൻ ഇതിനെതിരേ ആദ്യവിമർശനവുമായി രംഗത്തെത്തി. അംഗീകരിക്കാൻ കഴിയാത്ത നടപടിയാണെന്നാണ് കുഞ്ഞിരാമന്റെ പ്രതികരണം. അക്കാദമികളെ പൂർണമായും നിയന്ത്രണത്തിലാക്കുന്ന നിർദേശങ്ങളാണ് സർക്കാർ നൽകിയിരിക്കുന്നത്.

യോഗ തീയതി അറിയിക്കുമ്പോൾ തന്നെ വിശദമായ അജൻഡ ഉൾപ്പെടുത്തണം, ഇതു സംബന്ധിച്ച അനുമതി തേടണം, നിയമസഭാ സമ്മേളനം നടക്കുമ്പോൾ കമ്മിറ്റി യോഗങ്ങൾ വിളിക്കരുത്, മിനുട്ട്സിന്റെ കരട് 10 ദിവസത്തിനുള്ളിൽ സർക്കാരിന് ലഭ്യമാക്കണം, പരിപാടികളുടെ ത്രൈമാസ കലണ്ടർ തയാറാക്കി സർക്കാരിന് സമർപ്പിക്കണം, ഔട്ട് ഓഫ് അജൻഡയായി യൊതൊന്നും യോഗത്തിൽ വരാൻ പാടില്ല, മന്ത്രിമാരുടെ സൗകര്യം കണക്കിലെടുത്തു മാത്രമേ യോഗങ്ങളും സമ്മേളനങ്ങളും സംഘടിപ്പിക്കാൻ പാടുള്ളൂ എന്നതടക്കമുള്ള നിർദേശങ്ങളാണ് പുറത്തിറക്കിയിരിക്കുന്നത്.




'ഒന്നിപ്പ്' പര്യാടനത്തിന്റെ ഭാഗമായി പേരാമ്പ്ര ചേർമലയിൽ നടന്ന സ്വീകരണ സംഗമത്തിൽ റസാഖ് പാലേരി സംസാരിക്കുന്നു

# സർക്കാർ ഭവനനിർമാണ സഹായധനം 10 ലക്ഷമാക്കി വർധിപ്പിക്കണം: റസാഖ് പാലേരി

പേരാമ്പ്ര: സർക്കാർ ഭവനനിർമാണ സഹായധനം 4 ലക്ഷത്തിൽ നിന്ന് 10 ലക്ഷമാക്കി വർധിപ്പിക്കണമെന്ന് വെൽഫെയർ പാർട്ടി സംസ്ഥാന പ്രസിഡന്റ് റസാഖ് പാലേരി. 'ഒന്നിപ്പ്' പര്യാടനത്തിന്റെ ഭാഗമായി പേരാമ്പ്ര ചേർമലയിൽ നടന്ന സ്വീകരണ സംഗമത്തിൽ സംസാരിക്കുകയായായിരുന്നു അദ്ദേഹം.

ഭൂരഹിതരുടെയും ഭവനരഹിതരുടെയും പ്രശ്നങ്ങളെ യാഥാർഥ്യ ബോധത്തോടെ സമീപിക്കാൻ സർക്കാർ സന്നദ്ധമാകണം. സർക്കാരിന്റെ ലൈഫ് പദ്ധതി അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ്. 4 ലക്ഷം രൂപ ഭവനനിർമാണത്തിന് തീരെ അപര്യാപ്തമാണ്. ദലിത് ആദിവാസി ഇതരപിന്നാക്ക വിഭാഗങ്ങളുടെ ജീവൽപ്രശ്നങ്ങളെ അവഗണിക്കുന്ന സർക്കാർ നിലപാട് തിരുത്തണമെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ കമ്മിറ്റിയംഗം വി.കെ റഷീദ് മാസ്റ്റർ അധ്യക്ഷത വഹിച്ചു.

പരിപാടിയിൽ വെൽഫെയർ പാർട്ടി ദേശീയ സെക്രട്ടറി ഇ.സി ആയിഷ, സംസ്ഥാന സെക്രട്ടറിമാരയ ഉഷാ കുമാരി, ചന്ദ്രിക കൊയിലാണ്ടി, ജില്ലാ ജനറൽ സെക്രട്ടറി മുസ്തഫ പാലായി, ജില്ലാ കമ്മിറ്റിയംഗം പി.ടി വേലായുധൻ, വിമൻ ജസ്റ്റീസ് മൂവ്മെന്റ് പ്രതിനിധി പവിത, ചേർമല കോളനി കോഡിനേറ്റർ രാഹുൽ തുടങ്ങിയവർ സംസാരിച്ചു. പരിപാടിക്ക് സിറാജ് മാസ്റ്റർ, വി.പി അസീസ്, അമീൻ മുയിപ്പോത്ത്, ഷൈമ, അനില. പി.സി എന്നിവർ നേതൃത്വം നൽകി. പേരാമ്പ്ര മണ്ഡലം പ്രസിഡിഎന്റ് എം.ടി അഷ്റഫ് സ്വാഗതവും വി.എം നൗഫൽ പേരാമ്പ്ര നന്ദിയും പറഞ്ഞു.

# ഏക സിവിൽ കോഡ്: നിവേദനം നൽകി കാന്തപുരം

കോഴിക്കോട്: ഏകീകൃത സിവിൽ കോഡ് നടപ്പാക്കുന്നതിലെ ആശങ്കകൾ അറിയിച്ച് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ പ്രധാന മന്ത്രി, ആഭ്യന്തര മന്ത്രി, നിയമ മന്ത്രി, നിയമ കമ്മീഷൻ എന്നിവർക്ക് നിവേദനം നൽകി. ഇന്ത്യയുടെ പ്രധാന സവിശേഷതയായ ബഹുസംസ്കാരവും വൈവിധ്യങ്ങളും ഇല്ലായ്മ ചെയ്യുന്നതിലേക്കും രാജ്യത്ത് അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നതിലേക്കും ഏകീകൃത സിവിൽ കോഡ് വഴിവെക്കുമെന്നും ഈ വിഷയത്തിൽ കേന്ദ്രസർക്കാർ പുനരാലോചന നടത്തണമെന്നും കാന്തപുരം നിവേദനത്തിൽ ആവശ്യപ്പെട്ടു.

സാംസ്കാരികവും മതപരവുമായ വൈവിധ്യങ്ങൾ നിലനിൽക്കെ തന്നെയാണ് ഇന്ത്യ ഇന്ന് കാണുന്ന പ്രതാപവും വികസനവും കൈവരിച്ചത്. രാജ്യ പുരോഗതിയെ ഈ വൈവിധ്യങ്ങൾ ഹനിക്കുന്നില്ലെന്നും മതേതര ജനാധിപത്യ രാജ്യത്ത് ഭൂരിപക്ഷ-ന്യൂനപക്ഷ വേർതിരിവില്ലാതെ എല്ലാ വിഭാഗങ്ങളെയും സർക്കാർ ഒരുപോലെ പരിഗണിക്കേണ്ടതുണ്ടെന്നും കത്തിൽ സൂചിപ്പിച്ചു. ഏകീകൃത സിവിൽ കോഡ് ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രം ബാധിക്കുന്ന പ്രശ്നമല്ലെന്നും ബഹുസ്വര സമൂഹത്തിന് ഭരണഘടന നൽകുന്ന അവകാശങ്ങളുടെ നിഷേധമാണ് അതെന്നും നേരത്തെ കാന്തപുരം അഭിപ്രായപ്പെട്ടിരുന്നു.

**നിവേദനത്തിലെ പ്രസക്ത ഭാഗങ്ങൾ:** ബഹുസംസ്കാരവും വൈവിധ്യവുമാണ് ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ പ്രധാന സവിശേഷത. രാജ്യത്തിന്റെ പല ഭാഗങ്ങളിലും പല വിഭാഗങ്ങൾക്കിടയിലും നിലനിൽക്കുന്ന വിശ്വാസങ്ങൾ, ആചാരങ്ങൾ, ജനന-മരണ-വിവാഹ കർമങ്ങൾ, അനന്തരാവാകാശ നിയമങ്ങൾ എന്നിവയെല്ലാം ഏറെ വ്യത്യസ്തമാണ്. ഈ സാംസ്കാരിക വൈവിധ്യം നിലനിൽക്കെ തന്നെയാണ് ഇന്ത്യ വളർന്നതും ലോക രാജ്യങ്ങൾക്കിടയിൽ പ്രധാന ശ്രദ്ധാകേന്ദ്രമായി മാറിയതും. നമ്മുടെ രാജ്യത്തെ പൗരന്മാർ പിന്തുടരുന്ന സംസ്കാരങ്ങളും വിശ്വാസങ്ങളും ഏതെങ്കിലുംലക്ഷ്യം നേടുന്നതിനോ ശാസ്ത്ര സാങ്കേതിക പുരോഗതി നേടുന്നതിനോ തടസ്സം നിൽക്കുന്നില്ല. മതേതര ജനാധിപത്യ രാജ്യത്ത് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഭൂരിപക്ഷങ്ങളുടേതിന് തുല്യമായി പരിഗണിക്കപ്പെടണം. ഇന്ന് നാം കാണുന്ന ഇന്ത്യൻ സംസ്കാരം എല്ലാ വിഭാഗങ്ങളുടെയും തനത് മൂല്യങ്ങളിൽ നിന്ന് ഉരുതിരിഞ്ഞ് വന്നതാണ്. ഇന്ത്യൻ സംസ്കാരത്തിന്റെ വൈവിധ്യങ്ങൾ അറിഞ്ഞു തന്നെയാണ് ഭരണഘടനാ നിർമാതാക്കൾ രാജ്യത്തെ എല്ലാ വിഭാഗങ്ങളുടെയും അവകാശങ്ങളും മതാചാരങ്ങളും അനുഷ്ഠാനങ്ങളും ഉൾക്കൊള്ളുന്ന വിധം മൗലികാവകാശങ്ങൾ ചിട്ടപ്പെടുത്തിയത്.

അത്തരം അവകാശങ്ങളിലേക്ക് നുഴഞ്ഞു കയറുന്ന വിധം നിയമനിർമാണങ്ങൾ ഉണ്ടാവുന്നത് ആശങ്കാജനകമാണ്. വിശ്വാസികളുടെ രീതികളും ചര്യകളും തനത് രൂപത്തിൽ തന്നെ പിന്തുടരാനുള്ള അവകാശം എക്കാലത്തും നിലനിൽക്കുന്നത് നമ്മുടെ ജനാധിപത്യത്തിന് കൂടുതൽ സൗന്ദര്യമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഓരോ മതവിശ്വാസികളും പവിത്രമായി കാണുന്ന പാരമ്പര്യ രീതികൾ പിന്തുടരാൻ അവകാശമുണ്ടാവണം.

വ്യക്തിനിയമങ്ങളിൽ പോരായ്മകളോ മറ്റോ സർക്കാരിന്റെ ശ്രദ്ധയിൽ ഉണ്ടെങ്കിൽ അതത് മത നേതൃത്വങ്ങളുമായി ഒരുമിച്ചിരുന്ന് പരിഹാരം കാണാൻ ശ്രമിക്കാവുന്നതാണ്. അതല്ലാതെ ഏതെങ്കിലും വിഭാഗത്തിന്റെ വ്യക്തിനിയമങ്ങളെ സമൂഹത്തിന് മുന്നിൽ ചർച്ചക്കിടുന്നത് അരക്ഷിതാവസ്ഥ സൃഷ്ടിക്കും.

വിവിധ ഗോത്ര വിഭാഗങ്ങൾ ഏകീകൃത സിവിൽ കോഡിൽ ആശങ്ക അറിയിച്ചു മുന്നോട്ട് വന്നിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളും ഇത്തരം വിഭാഗങ്ങളുടെ ആശങ്കകൾ മുന്നിൽകണ്ട് നിയമങ്ങൾ പാസാക്കിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകുന്ന മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഉചിതമായ തീരുമാനം സ്വീകരിക്കണമെന്നും കാന്തപുരം നിവേദനത്തിൽ ആവശ്യപ്പെട്ടു.



## വെങ്ങര രിഫായി യു. എ. ഇ കമ്മിറ്റി പ്രസിഡായി പുന്നക്കൻ മുഹമ്മദലി വീണ്ടും തിരഞ്ഞെടുത്തു

ഷാർജ : യു.എ.ഇ 50 വർഷമായി പ്രവർത്തിക്കുന്ന വെങ്ങര നിവാസികളുടെ കൂട്ടായ്മയായ വെങ്ങര രിഫായി യു.എ.ഇ കമ്മിറ്റിയുടെ പ്രസിഡണ്ടായി യു.എ.ഇ സാമൂഹ്യ, സാംസ്കാരിക, മത രാഷ്ടീയ പ്രവർത്തകൻ പുന്നക്കൻ മുഹമ്മദലിയെ വീണ്ടും തിരഞ്ഞെടുത്തു.പുതിയ ഭാരവാഹികളായി കെ.ശരീഫ് ജനറൽ സെക്രട്ടറി, കെ.ആസാദ് ട്രഷറായും, എൻ.കെ.റാസിക്ക്, പി.കെ.അബ്ദുറഹിമാൻ, എം.കെ.സാജിദ്, എൻ.കെ.ആമുഞ്ഞി വൈസ് പ്രസിഡണ്ടുമാരായും, കെ.മഹമ്മൂദ്, വി.ഇബ്രാഹിം, ടി.പി.ഹമീദ്, കെ.അർഷാദ് എന്നിവരെ സെക്രട്ടറിമാരായും, എം.കെ ഇക്ബാൽ ട്രഷററായും തെരെഞ്ഞെടുത്തു.



'എം.ടി യുടെ മാതൃഭൂമിക്കാലം' എന്ന കൃതിയുടെ ഉദ്ഘാടനം നിർവഹിച്ച് രചയിതാവ് എം. ജയരാജ് സംസാരിക്കുന്നു

# എം. ടി : നവതി ആഘോഷം തുടങ്ങി

കോഴിക്കോട് : എം.ടി യുടെ നവതിയാഘോഷത്തിന്റെ ഭാഗമായി അദ്ദേഹത്തിന്റെ എല്ലാ ഗ്രന്ഥങ്ങളുടെയും അഞ്ചു നാൾ നീളുന്ന പ്രദർശനത്തിന് ദർശനം ഗ്രന്ഥശാല എം.എൻ സത്യാർത്ഥി ഹാളിൽ തുടക്കമായി. എം.ടി കയ്യൊപ്പ് ചാർത്തിയ രണ്ടാമൂഴത്തിന്റെ 60 ആം പതിപ്പ് പ്രദർശനത്തിന് വച്ചു കൊണ്ട് 'എം.ടി യുടെ മാതൃഭൂമിക്കാലം' എന്ന കൃതിയുടെ രചയിതാവ് എം. ജയരാജ് ഉദ്ഘാടനം ചെയ്തു. സ്നേഹത്തെ സ്നേഹിച്ച് മിണ്ടാതെ പോയൊരാൾ എന്ന സ്വന്തം രചന കവി പി.കെ ഗോപി ചൊല്ലി. എം.ടി യുടെ സന്തത സഹചാരി പുരോഗമന കലാ സാഹിത്യ സംഘം ജില്ലാ കമ്മിറ്റിയംഗം കെ.എസ് വെങ്കിടാചലം മുഖ്യപ്രഭാഷണം നടത്തി. ദർശനം രക്ഷാധികാരി അംഗം സൽമി സത്യാർത്ഥി, ഓൺലൈൻ വായനമുറി നിരൂപക ലീലാവതി ശിവദാസ് എന്നിവർ ആശംസകൾ നേർന്നു. ദർശനം ഗ്രന്ഥശാല പ്രസിഡന്റ് പി. സിദ്ധാർത്ഥൻ അധ്യക്ഷനായി. സെക്രട്ടറി എം.എ ജോൺസൺ സ്വാഗതവും വനിത വേദി ചെയർ പേഴ്സൺ പി. തങ്കം നന്ദിയും പറഞ്ഞു. എം.ടി കയ്യൊപ്പിട്ട എല്ലാ പുസ്തകങ്ങളുടെയും പ്രദർശനം 13 വരെ തുടരും.

# മലബാറിൽ ദശാവതാര ക്ഷേത്രങ്ങളെ കോർത്തിണക്കി തീർത്ഥാടന ടൂറിസം ഒരുങ്ങുന്നു



മലബാറിലെ വിനോദസഞ്ചാര മേഖലയിൽ പുതിയ കാൽവെയ്പ്പാകുന്ന പദ്ധതിയുടെ സോഷ്യൽ മീഡിയ ലോഞ്ചിംഗ് ചടങ്ങിന്റെ ഉദ്ഘാടനം ടൂറിസം വകുപ്പു മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിക്കുന്നു

കോഴിക്കോട്: ദശാവതാര ക്ഷേത്രങ്ങളെ കോർത്തിണക്കി മലബാറിൽ പിൽഗ്രിം ടൂറിസം ഡസ്റ്റിനേഷൻ ഒരുങ്ങുന്നു. ജില്ലയിലെ കാക്കൂർ, നന്മണ്ട, ചേളന്നൂർ പഞ്ചായത്തുകളിലായി പൊൻകുന്ന് മലയുടെ താഴ്‌വരയിൽ സ്ഥിതി ചെയ്യുന്ന ഒമ്പത് ദശാവതാര ക്ഷേത്രങ്ങൾ ഉൾപ്പെടുത്തിയാണ് പുതിയ തീർത്ഥാടന മേഖല വരുന്നത്. മലബാറിലെ വിനോദസഞ്ചാര മേഖലയിൽ പുതിയ കാൽവെയ്പ്പാകുന്ന പദ്ധതിയുടെ സോഷ്യൽ മീഡിയ ലോഞ്ചിംഗ് ചടങ്ങിന്റെ ഉദ്ഘാടനം ടൂറിസം വകുപ്പു മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിച്ചു.

ദശാവതാര ക്ഷേത്ര ശൃംഖലയെ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെടുത്തേണ്ടതുണ്ട്. അതിനായി കേരള ടൂറിസം വകുപ്പ് ആവിഷ്‌ക്കരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്താനാകുമോ എന്ന് ഗൗരവമായി പരിശോധിക്കുമെന്നും മന്ത്രി റിയാസ് പറഞ്ഞു. ദശാവതാര ക്ഷേത്രങ്ങളെക്കുറിച്ചുള്ള ബ്രോഷറിന്റെ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു.ചടങ്ങിൽ ദശാവതാര ഏകോപന സമിതി പ്രസിഡന്റ് റിട്ട. മേജർ ഉദയവിഹാരി അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.എം മുരളി റിപ്പോർട്ട് അവതരിപ്പിച്ചു. സോഷ്യൽ മീഡിയ പ്രകാശനം വനം വന്യജീവി വകുപ്പു മന്ത്രി എ.കെ. ശശീന്ദ്രനും യുട്യൂബ് ചാനൽ പ്രകാശനം ഗോപാലൻ കുട്ടി മാസ്റ്ററും നിർവഹിച്ചു. ചേളന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.പി.നൗഷീർ, കാക്കൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സി.എം. ഷാജി, നന്മണ്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കൃഷ്ണവേണി മാണിക്കോത്ത് എന്നിവർ സംസാരിച്ചു.

ദശാവതാര ക്ഷേത്ര ഏകോപന സമിതി വൈസ് പ്രസിഡന്റ് ബിജു അമ്പലപ്പറമ്പിൽ സ്വാഗതവും പ്രോഗ്രാം കമ്മറ്റി ജനറൽ കൺവീനർ പി. അശോകൻ മാസ്റ്റർ നന്ദിയും പറഞ്ഞു.

കാക്കൂർ ഗ്രാമ പഞ്ചായത്തിലെ പെരുമീൻ പുറം മത്സ്യാവതാര ക്ഷേത്രം, ആമമംഗലം കൂർമ്മാവതാര ക്ഷേത്രം, തൃക്കോയിൽ നരസിംഹാവതാര ക്ഷേത്രം, രാമല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രം, കാവിൽ ബലരാമ സ്വാമി ക്ഷേത്രം, തീർത്ഥങ്കര വാമന ക്ഷേത്രം, ഈന്താട് ശ്രീകൃഷ്ണ ക്ഷേത്രം, നന്മണ്ട പഞ്ചായത്തിലെ വരാഹ ക്ഷേത്രം, ചേളന്നൂർ പഞ്ചായത്തിലെ പരശുരാമ ക്ഷേത്രം എന്നിങ്ങനെ ഒമ്പത് ക്ഷേത്രങ്ങൾ കോർത്തിണക്കിയുള്ളതാണ് ദശാവതാര ക്ഷേത്ര തീർത്ഥാടനയാത്ര. മണ്ണു മൂടിപ്പോയ കൽക്കി ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സഹായത്തോടെ കണ്ടെത്താനുള്ള ശ്രമങ്ങളും പുരോഗമിക്കുകയാണ്.

കർക്കിടക മാസത്തിൽ നടക്കുന്ന നാലമ്പല തീർത്ഥാടന യാത്ര പോലെ വ്യത്യസ്ത മാസത്തിൽ ദശാവതാര തീർത്ഥാടന യാത്രയും ഈ വർഷം മുതൽ തുടങ്ങും. ദശാവതാര ക്ഷേത്ര ഏകോപന സമിതിയായിരിക്കും മേൽനോട്ടം വഹിക്കുക. ക്ഷേത്ര ദർശനത്തിനായി എത്തുന്ന തീർത്ഥാടകർക്ക് താമസ സൗകര്യം, ക്ഷേത്രങ്ങൾ ദർശിക്കാനായി കോൺവോയ് അടിസ്ഥാനത്തിൽ ജീപ്പ് യാത്ര സൗകര്യം എന്നിവ ഏകോപന സമിതി ഒരുക്കും.

ഇത്രയും ചുരുങ്ങിയ ചുറ്റളവിൽ ദശാവതാര ക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്ന ഇടം രാജ്യത്ത് വേറെയില്ല. അതുകൊണ്ടു തന്നെ ദശാവതാര ക്ഷേത്രങ്ങളിലേക്ക് ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും തീർത്ഥാടകരെത്തുമെന്നാണ് പ്രതീക്ഷയെന്ന് ദശാവതാര ക്ഷേത്ര ഏകോപന സമിതി പ്രസിഡന്റ് റിട്ട. മേജർ ഉദയവിഹാരി പറഞ്ഞു.

തീർത്ഥാടകർ വർധിക്കുന്ന മുറയ്ക്ക് എല്ലാ മാസവും യാത്രാ സൗകര്യങ്ങളോടെ തീർത്ഥാടന യാത്ര ഒരുക്കുന്ന കാര്യവും പരിഗണനയിലാണ്.

# ചാക്കുണ്ണിയുടെ ആത്മകഥ 'തോൽക്കാൻ മനസ്സില്ലാതെ' ഗവർണ്ണർ പ്രകാശനം ചെയ്തു



ചാക്കുണ്ണിയുടെ ആത്മകഥ 'തോൽക്കാൻ മനസ്സില്ലാതെ' എന്ന പുസ്തകം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രകാശനം ചെയ്യുന്നു

കോഴിക്കോട്: വ്യവസായത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജയിച്ച സംരംഭകനാണ് ഷെവലിയർ സി.ഇ. ചാക്കുണ്ണിയെന്ന് കേരളാ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പ്രവർത്തിച്ച മേഖലകളിലത്രയും നന്മകൾ കാണാനും അവ പിൻപറ്റി മുന്നോട്ടുപോകാനുമുള്ള നിശ്ചയദാർഢ്യമാണ് ചാക്കുണ്ണിയെ വ്യത്യസ്തനാക്കുന്നത്.

അത്തരമൊരു മനസ്സിനുടമയാണ് ചാക്കുണ്ണിയെന്ന് താൻ ചുമതലയേറ്റ് നാലുവർഷത്തിനുള്ളിൽ നടന്ന പരിചയത്തിലൂടെ അറിവുള്ളതാണെന്നും അദ്ദേഹം പറഞ്ഞു. ചാക്കുണ്ണിയുടെ ആത്മകഥ 'തോൽക്കാൻ മനസ്സില്ലാതെ' എന്ന പുസ്തകം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രകാശനം ചെയ്തു. മന്ത്രി വി.അബ്ദുറഹിമാൻ അധ്യക്ഷത വഹിച്ചു.

മലബാറിന്റെ വികസനത്തിൽ പ്രത്യേകിച്ച് കോഴിക്കോട് എയർപോർട്ടിന് ഭൂമിയും മണ്ണും ലഭിക്കുന്നതിന് ചാക്കുണ്ണിയുടെ നിരന്തരമായ പരിശ്രമം, മാതൃകാപരമാണ്. ഇക്കാര്യത്തിൽ സർക്കാറിനെ ഏറെ സഹായകരമാകുന്ന നിലപാടാണ് ചാക്കുണ്ണിയുടേതെന്നും മന്ത്രി പറഞ്ഞു. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ പുസ്തകം ഏറ്റുവാങ്ങി. നാടിന്റെ വികസന കുതിപ്പിനായി ചാക്കുണ്ണി വഹിക്കുന്ന പങ്ക് നേരിട്ട് ബോധ്യമുള്ളതാണെന്ന് അദ്ദേഹം പറഞ്ഞു. മാതൃഭൂമി ചെയർമാനും മാനേജിംഗ് എഡിറ്ററുമായ പി.വി ചന്ദ്രൻ ഗവർണ്ണർക്ക് ഉപഹാരം സമർപ്പിച്ചു. എഴുത്തുകാരൻ പി.ആർ നാഥൻ പുസ്തകപരിചയം നടത്തി.

കാലിക്കറ്റ് സിറ്റി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വൈസ് ചെയർമാൻ കെ. ശ്രീനിവാസൻ ഗവർണറെ പൊന്നാട അണിയിച്ചു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് പ്രോഗ്രാം കമ്മിറ്റി ചെയർമാൻ എം.ഐ അഷറഫ് ഷെവ. സി.ഇ ചാക്കുണ്ണിക്ക് ഉപഹാരം നൽകി. മന്ത്രി വി. അബ്ദുറഹിമാൻ, തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ എന്നിവർക്ക് കാലിക്കറ്റ് സിറ്റി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെയർപേഴ്സൺ പ്രീമ മനോജും പി.ആർ നാഥൻ, കെ. ശ്രീനിവാസൻ എന്നിവർക്ക് ചാക്കുണ്ണിയുടെ കുടുംബാംഗമായ മഞ്ജു സാമും മെമെന്റോ നൽകി. വ്യവസായ സാമൂഹ്യ സേവന മേഖലയിൽ നേട്ടങ്ങൾ കാഴ്ചവയ്ക്കാൻ സാധിച്ചത്.

വിവിധ മേഖലകളിൽ നിന്ന് ലഭിച്ച കലവറയില്ലാത്ത പിന്തുണ മൂലമാണെന്ന് ചാക്കുണ്ണി മറുപടി പ്രസംഗത്തിൽ പറഞ്ഞു. ഇക്കാര്യത്തിലുള്ള കടപ്പാടും അദ്ദേഹം പങ്കുവച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർ സാം കുരുവിള സ്വാഗതം പറഞ്ഞു.

## 'ഇത് തലയിൽ നിന്ന് പോയാൽ സന്തോഷം'

# ദുരിതാശ്വാസനിധി വകമാറ്റിയ കേസിൽ പരാതിക്കാരനോട് ലോകായുക്ത




തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വകമാറ്റിയ കേസിൽ പരാതിക്കാരനെതിരെ ലോകായുക്ത. കേസ് മാറ്റിവെക്കണമെന്ന് ഇടക്കിടെ ആവശ്യപ്പെടുന്നത് നല്ലതാണോയെന്ന് ഉപലോകായുക്ത പരാതിക്കാരനോട് ചോദിച്ചു. വിമർശനം ഉന്നയിച്ചെങ്കിലും ഹരജിക്കാരന്റെ ആവശ്യം ലോകായുക്ത പരിഗണിച്ചു. കേസ് ജൂലൈ 20ലേക്ക് മാറ്റിയിട്ടുണ്ട്.

തങ്ങളെയിങ്ങനെ ബുദ്ധിമുട്ടിക്കണോയെന്നും ഇതൊന്ന് തലയിൽ നിന്ന് പോയിക്കിട്ടിയാൽ അത്രയും സന്തോഷമാണെന്നും പരാതിക്കാരനായ ശശികുമാറിന്റെ അഭിഭാഷകൻ പി. സുബൈർകുഞ്ഞിനോട് ഉപലോകായുക്ത പറഞ്ഞു. ഇടയ്ക്കിടക്ക് കേസ് മാറ്റിവെക്കുന്നതോടെ ഇടയ്ക്ക് വിഷയത്തിൽ പത്രവാർത്ത വരുമല്ലോയെന്നും കോടതി പരിഹസിച്ചു.'ഒന്നുകിൽ ഹൈക്കോടതിയിൽ നിന്ന് സ്‌റ്റേ വാങ്ങുക. എത്ര ദിവസം ഞങ്ങൾ ഇങ്ങനെ ഇരിക്കും. ഞങ്ങൾ മൂന്ന് അംഗ ഫുൾ ബെഞ്ചാണ് കേസ് കേൾക്കുന്നത്,' കോടതി പറഞ്ഞു.

ഹൈക്കോടതിയിൽ കേസ് പരിഗണിക്കുന്ന സാഹചര്യത്തിൽ കേസ് ലോകായുക്ത പരിഗണിക്കുന്നത് മാറ്റിവെക്കാൻ ഹരജിക്കാരൻ അപേക്ഷ നൽകിയിരുന്നു. ഈ ആവശ്യത്തിനെതിരെയാണ് ലോകായുക്തയുടെ പരാമർശം.കേസിന്റെ സാധുത സംബന്ധിച്ച് മൂന്ന് അംഗ ബെഞ്ച് ഒരു വർഷം മുൻപ് കൈക്കൊണ്ട തീരുമാനം വീണ്ടും ഫുൾ ബെഞ്ചിന്റെ പരിഗണനക്ക് വിട്ട നടപടി ഹരജിക്കാരൻ ചോദ്യം ചെയ്താണ് ഹൈക്കോടതിയിൽ ഹരജി നൽകിയിരുന്നത്.ദുരിതാശ്വാസ നിധിയിൽ നിന്ന് അനർഹർക്ക് സഹായം നൽകിയെന്നാണ് മുഖ്യമന്ത്രിക്കും 18 മന്ത്രിമാർക്കുമെതിരെ ആർ.എസ്. ശശികുമാർ നൽകിയ പരാതി.

# സുധാകരനും സതീശനും കേരളത്തെ ചിരിപ്പിക്കുന്നു: തോമസ് ഐസക്

കെ.പി.സി.സി അധ്യക്ഷൻ കെ. സുധാകരനും പ്രതിപക്ഷ നേതാവ് വി.ഡി സതീശനും കൂടി കേരളത്തെ ചിരിപ്പിച്ച് വശംകെടുത്തുകയാണെന്ന് മുൻ മന്ത്രി തോമസ് ഐസക്.

താൻ മുഖ്യമന്ത്രിയാകാൻ തയാറാണെന്നും പാർട്ടി അനുവദിച്ചാൽ മുഖ്യമന്ത്രിയാകുമെന്നും കഴിഞ്ഞ ദിവസം ഒരു ചാനലിൽ കെ. സുധാകരൻ പ്രഖ്യാപിച്ചിരുന്നു. പറയുന്നതു കേട്ടാൽ എ.ഐ.സി.സിയുടെ അനുവാദം കിട്ടിയാൽ പിറ്റേന്ന് സത്യപ്രതിജ്ഞ നടക്കുമെന്ന് തോന്നിപ്പോകും. എന്തുമാത്രം കടമ്പകൾ അദ്ദേഹത്തിന് കടക്കാനുണ്ട്. മുഖ്യമന്ത്രിയാകാൻ തയാറാണെന്ന് കെ. സുധാകരൻ പ്രഖ്യാപിച്ചപ്പോൾ പ്രതിപക്ഷ നേതാവിന്റെ ക്യാംപിൽനിന്ന് പിന്നീട് വന്നത് അദ്ദേഹം ഷാഡോ കാബിനറ്റുണ്ടാക്കി ഇതിനകം ഭരണം തുടങ്ങിയെന്നാണ്.

പ്രതിപക്ഷ നേതാവ് ഷാഡോ കാബിനറ്റിനെ നയിക്കുന്ന വിവരം സുധാകരൻ അറിയുന്നത് പത്രം വായിച്ചിട്ടായിരിക്കുമെന്നും തോമസ് ഐസക് ഫേസ്ബുക്ക് പോസ്റ്റിലൂടെ പരിഹസിച്ചു.



# കെ.എസ് ബിമൽ സ്മാരക ക്യാമ്പസ് കവിതാ പുരസ്കാരം 2023 വൈഷ്ണവ് സതീഷിന്

കെ.എസ് ബിമലിന്റെ സ്മരണയിൽ ബിമൽ സാംസ്കാരിക ഗ്രാമം ഏർപ്പെടുത്തിയ 2023 ലെ ക്യാമ്പസ് കവിതാ പുരസ്കാരത്തിന് പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സ്വദേശി വൈഷ്ണവ് സുരേഷ് അർഹനായി. ജൂലൈ 10ന് വൈകീട്ട് 4.30ന് കോഴിക്കോട് ടൗൺ ഹാളിൽ നടക്കുന്ന കെ.എസ് ബിമൽ അനുസ്മരണ വേദിയിൽ പുരസ്കാര സമർപ്പണം നടക്കും. 10,000 രൂപയുടെ പുസ്തകങ്ങളും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

പെരിന്തൽമണ്ണ പി.ടി.എം ഗവ. കോളജിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ എ.ഇ രണ്ടാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയാണ് വൈഷ്ണവ് സുരേഷ്. മാതൃഭൂമി ആഴ്ചപ്പതിപ്പ്, മനോരമ ഓൺലൈൻ, മാധ്യമം, ഏഷ്യാനെറ്റ് ന്യൂസ് ഓൺലൈൻ തുടങ്ങി നിരവധി മുൻനിര മാധ്യമങ്ങളിൽ എഴുത്തുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 2022 ലെ സുകുമാർ അണ്ടലൂർ സ്മാരക യുവകവിതാ പുരസ്കാരം, എം.എൻ പാലൂർ സ്മാരക കവിതാ പുരസ്കാരം, 2023 ലെ അഗഏഇഠ സംഘശബ്ദം പുരസ്കാരം, തുളുനാട് മാസികയുടെ രാഷ്ട്രകവി ഗോവിന്ദപൈ സ്മാരക കവിത പുരസ്കാരം, പണ്ഡിറ്റ് കറുപ്പൻ വായനശാലയുടെ പതിമൂന്നാമത് ജാതിക്കുമ്മി പുരസ്കാരം, അങ്കണം സാംസ്കാരിക വേദിയുടെ അങ്കണം ഷംസുദ്ദീൻ സ്മാരക കവിത പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.

# 'നാട്ടിലേക്ക് മടങ്ങാൻ അനുമതി വേണം' മഅ്ദനിയുടെ ജാമ്യാപേക്ഷ പരിഗണിക്കുന്നത് സുപ്രിംകോടതി മാറ്റി

കേരളത്തിലേക്ക് മടങ്ങാൻ അനുമതി തേടിയുള്ള പിഡിപി ചെയർമാൻ അബ്ദുൽ നാസർ മദനിയുടെ ഹർജി സുപ്രിം കോടതി മാറ്റി. ഇക്കാര്യത്തിൽ തിങ്കഴാഴ്ച്ച വാദം കേൾക്കാമെന്നാണ് കോടതി അറിയിച്ചിരിക്കുന്നത്. സാങ്കേതികപരമായ കാരണങ്ങൾ കൊണ്ടാണ് ഹർജി മാറ്റിയത്. വിഷയത്തിൽ കർണ്ണാടക സർക്കാരിന്റെ ഭാഗം അറിയിക്കാനും കോടതി ആവശ്യപ്പെട്ടു. കർണ്ണാടക സർക്കാരിന് വേണ്ടി ഹാജരായ അഭിഭാഷകൻ വിഷയത്തിൽ സമയം വേണമെന്ന് ആവശ്യപ്പെതിന്റെ അടിസ്ഥാനത്തിലാണ് കേസ് തിങ്കളാഴ്ച്ചയിലേക്ക് മാറ്റിയത്. കർണാടക സർക്കാർ മദനിക്കെതിരെ ശക്തമായ നിലപാടാണ് സ്വീകരിച്ചത്.മദനിക്ക് കോടതി നാട്ടിലേക്ക് മടങ്ങാൻ നൽകിയ അനുമതി നടപ്പാക്കാതെയിരിക്കാൻ വിചിത്രമായ നടപടികളാണ് കർണാടക സർക്കാർ നടത്തിയതെന്ന് കപിൽ സിബൽ സുപ്രിംകോടതിയിൽ പറഞ്ഞു. മൂന്നുമാസത്തേക്ക് നാട്ടിലേക്ക് പോകാനായിരുന്നു മദനിക്ക് അനുവാദം ലഭിച്ചിരുന്നത്.




തെങ്ങിലക്കടവ്-കണ്ണിപറമ്പ് റോഡിൽ അപകടത്തിൽപെട്ട ലോറി

# അപകടകെണി ഒരുക്കി ജൽ ജീവൻ മിഷൻ

ജൽജീവൻ പദ്ധതിക്കായി കുഴിച്ച കുഴികളിൽ വാഹനങ്ങൾ വീഴുന്നത് പതിവാകുന്നു. കാലവർഷം വരുന്നതിനു തൊട്ടുമുമ്പായി പദ്ധതിക്കായി കുഴിയെടുത്ത് കുഴികൾ മണ്ണിട്ട് മൂടിയെങ്കിലും ടാറിങ് പ്രവൃത്തി നടന്നിരുന്നില്ല.

ഇതേ തുടർന്ന് മഴയത്ത് വാഹനങ്ങളുടെ ചക്രങ്ങൾ ചളിയിൽ ആഴുകയും അപകടങ്ങൾ സംഭവിക്കുകയും ചെയ്യുന്നത് പതിവാകുകയാണ്. പ്രധാന റോഡുകളിലടക്കം ഇത്തരത്തിൽ അപകടങ്ങൾ സംഭവിക്കുന്നു. വെള്ളിയാഴ്ച മാവൂർ-കോഴിക്കോട് റൂട്ടിൽ ചെറൂപ്പ ബേങ്കിനു സമീപം സ്വകാര്യ ബസ് ചെളിയിൽ ആണ്ടു പോയിരുന്നു. മണ്ണ് മാന്തി യന്ത്രം കൊണ്ടുവന്നാണ് മണിക്കൂറുകളുടെ പരിശ്രമത്തിനൊടുവിൽ വാഹനം കരകയറ്റിയത്.

മാവൂർ പൈപ്പ് ലൈൻ റോഡിൽ പറമ്പത്ത് ക്ഷേത്രത്തിനു മുൻവശത്ത് ലോഡ് കയറ്റിപ്പോയ ടിപ്പർ ചളിയിൽ ആണ്ടുപോയി. വെള്ളിയാഴ്ച വൈകുന്നേരമാണ് സംഭവം. ഒരു ഭാഗത്തെ മുൻചക്രവും പിൻചക്രങ്ങളും ചളിയിൽ പൂണ്ടതോടെ ലോറിക്ക് കാര്യമായ കേടുപാടുകൾ പറ്റി. മണ്ണു മാന്തി യന്ത്രം എത്തിച്ച് ഏറെ പണിപ്പെട്ടാണ് ടിപ്പർ ഉയർത്തിയത്. മാവൂർ കണ്ണിപ്പറമ്പ് റോഡിൽ പള്ളിയോളിൽ വെള്ളിയാഴ്ച സ്വകാര്യ ബസ് ഇത്തരത്തിൽ അപകടത്തിൽപെട്ടിരുന്നു. വാഹനങ്ങൾക്ക് സൈഡ് കൊടുക്കുമ്പോൾ ജൽജീവൻ പദ്ധതിക്കായി കുഴിച്ച ഭാഗത്തുകൂടി വാഹനമോടിച്ചാൽ പെട്ടതു തന്നെ. മഴക്കു മുമ്പ് സോളിഗും ടാറിങ്ങും ചെയ്യാത്തതാണ് വിനയായത്.

ഈ കുഴികൾ സോളിങ് നടത്തി ടാറിങ് പൂർത്തീകരിച്ചവയിലും അപകടങ്ങൾ സംഭവിക്കുന്നുണ്ട്.

കൃത്യമായി മണ്ണിട്ട് ടാറിങ് ഉറപ്പിക്കാത്തതാണ് ചില സ്ഥലങ്ങളിൽ വിനയാകുന്നത്.

മഴയത്ത് ടാറിങ് നടത്തിയതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കണ്ണിപ്പറമ്പ് കുറ്റിക്കടവ് റോഡിൽ ജൽജീവൻ പദ്ധതിക്കായി കുഴിച്ച കുഴി ടാറിട്ടു മൂടിയെങ്കിലും ലോറി അപകടത്തിൽപ്പെട്ടു. ചക്രങ്ങൾ ആണ്ടിറങ്ങിയതിനെത്തുടർന്ന് വാഹനത്തിന് കാര്യമായ കേടുപാടു പറ്റി. ഇവിടെ റോഡ് ഒരുഭാഗം ഇടിഞ്ഞിട്ടുണ്ട്.

ഏറെ പ്രയാസപ്പെട്ടാണ്‌ലോറി ഉയർത്തിയത്. ഏതാനും ദിവസങ്ങൾക്കു മുമ്പ് ചെറൂപ്പ കുറ്റിക്കടവ് റോഡിൽ പിക്കപ്പ് വാൻ ചെളിയിൽ താഴ്ന്നിരുന്നു. വ്യാപാരികളും നാട്ടുകാരും ചേർന്ന് തള്ളിനീക്കിയാണ് പിക്കപ്പ് കരകയറ്റിയത്.

# കക്കാട് ഗവ. എൽ.പി സ്കൂളിന്റെ കെട്ടിട നിർമാണത്തിന്റെ മുഴുവൻ തുകയും സർക്കാർ നൽകുമെന്ന് വിദ്യാഭ്യാസ മന്ത്രി




കക്കാട് ഗവ. എൽ.പി സ്കൂളിന്റെ പുതിയ ഹൈടെക് കെട്ടിട സമുച്ചയത്തിന്റെ നിർമാണ പ്രവൃത്തിയുടെ ഉദ്ഘാടനം മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കുന്നു

മുക്കം: കക്കാട് ഗവ. എൽ.പി സ്കൂളിന്റെ പുതിയ ഹൈടെക് കെട്ടിട സമുച്ചയത്തിന്റെ നിർമാണ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ മുഴുവൻ തുകയും സർക്കാർ അനുവദിക്കുമെന്ന് കേരള പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. തിരുവമ്പാടി എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 1.34 കോടി രൂപ ചെലവ് വരുന്ന ആദ്യഘട്ട പ്രവൃത്തിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

മൂന്ന് കോടിയോളം രൂപ ചെലവ് വരുന്ന പദ്ധതിക്ക് കുറവുള്ള 1.66 കോടി രൂപ കൂടി അനുവദിക്കണമെന്ന ആവശ്യം തീർച്ചയായും പരിഗണിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. കക്കാട് ഗവ. എൽ.പി സ്കൂൾ യു.പി സ്കൂളാക്കണമെന്ന ആവശ്യത്തോടും മന്ത്രി പ്രതികരിച്ചു. സ്കൂൾ യു.പി ആക്കുന്നതിൽ സർക്കാർ സംസ്ഥാനാടിസ്ഥാനത്തിൽ നയപരമായ ഒരു തീരുമാനം എടുക്കേണ്ടതുണ്ടെന്നും അത്തരമൊരു തീരുമാനം എടുക്കുമ്പോൾ സ്കൂളിനെ യു.പി ആക്കാൻ മുന്തിയ പരിഗണന നൽകുമെന്നും അദ്ദേഹം ഉറപ്പുനൽകി.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കേരളത്തിന്റെ വിജയത്തിന്റെ മറ്റൊരു പ്രധാന വശമാണ്. സമഗ്രമായ വികസനം, വിമർശനാത്മക ചിന്ത, പ്രായോഗിക പഠനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ശക്തമായ ഒരു പാഠ്യപദ്ധതിയാണ് സംസ്ഥാനത്തുള്ളതെന്നും മന്ത്രി പറഞ്ഞു. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം വൈവിധ്യമാർന്ന പാഠ്യേതര പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങളും കഴിവുകളും മികവുറ്റതാക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, അധ്യാപക പരിശീലനത്തിനും വികസനത്തിനും അത് ശക്തമായ ഊന്നൽ നൽകുന്നു. വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് ആവശ്യമായ വൈദഗ്ധ്യവും അറിവും അധ്യാപകർക്ക് ഉണ്ടെന്ന് ഉറപ്പാക്കുമെന്നും വിദ്യാഭ്യാസ മന്ത്രി പറഞ്ഞു.

ചടങ്ങിൽ തിരുവമ്പാടി എം.എൽ.എ ലിന്റോ ജോസഫ് അധ്യക്ഷത വഹിച്ചു. അസി. എൻജിനീയർ കെ അനീസ് റിപ്പോർട്ട് അവതരിപ്പിച്ചു. കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.പി സ്മിത, വൈസ് പ്രസിഡന്റ് ജംഷിദ് ഒളകര, ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വി.പി ജമീല, കാരശ്ശേരി ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജിജിത സുരേഷ്, ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശാന്താദേവി മൂത്തേടത്ത്, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് അംഗം എം.എ സൗദ ടീച്ചർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എടത്തിൽ ആമിന, കെ.പി ഷാജി, ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് വി.കെ വിനോദ്, മുക്കം എ.ഇ.ഒ വി ദീപ്തി ടീച്ചർ, കുന്ദമംഗലം ബി.പി.സി പി.എൻ അജയൻ, വിവിധ സംഘടനാ പ്രതിനിധികളായി കെ.പി വിനു, സമാൻ ചാലൂളി, സി.കെ ഷാനു, ടപി സാദിഖലി മാസ്റ്റർ, എ.പി മോയിൻ, പി.കെ ഷംസുദ്ദീൻ, സംഘാടക സമിതി രക്ഷാധികാരി ടി.പി.സി മുഹമ്മദ് ഹാജി, സ്കൂൾ കമ്മിറ്റി പി.ടി.എ പ്രസിഡന്റ് കെ.സി റിയാസ്, എസ്.എം.സി ചെയർമാൻ കെ ലുക്മാൻ, എം.പി.ടി.എ ചെയർപേഴ്സൺ കമറുന്നീസ മൂലയിൽ, സ്കൂൾ എച്ച്.എം ജാനീസ് ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.



അത്താണിക്കൽ ഗുരുവരാശ്രമത്തിൽ വെച്ച് നടന്ന എസ്.എൻ.ഡി.പി യോഗം യൂത്ത്മൂവ്മെന്റ് കോഴിക്കോട് ജില്ലാ നേതൃയോഗം സുധീഷ് കേശവപുരി ഉദ്ഘാടനം നിർവ്വഹിക്കുന്നു

# എസ്.എൻ.ഡി.പി യോഗം യൂത്ത്മൂവ്മെന്റ് നടത്തി

കോഴിക്കോട്: ഏക സിവിൽ കോഡ് വിഷയത്തിൽ മതന്യൂനപക്ഷവോട്ട് ബേങ്കിന് വേണ്ടി സാമുദായിക ധ്രുവീകരണം ലക്ഷ്യമാക്കി മതേതര രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന പെറാറാട്ട് നാടകം സമൂഹത്തിൽ വിഭാഗീയത വളർത്തുവാൻ മാത്രമേ ഉപകരിക്കൂ എന്നും സ്ത്രീകളുടെയും അടിസ്ഥാന ജനവിഭാഗങ്ങളുടെയും അവകാശം സംരക്ഷിക്കപ്പെടാൻ ഒരു ആധുനിക സമൂഹത്തിന് അനിവാര്യമായ നിയമമാണ് ഏക സിവിൽ കോഡെന്നും എസ്.എൻ.ഡി.പി യോഗം കോഴിക്കോട് യൂണിയൻ സെക്രട്ടറി സുധീഷ് കേശവപുരി പറഞ്ഞു. അത്താണിക്കൽ ഗുരുവരാശ്രമത്തിൽ വെച്ച് നടന്ന എസ്.എൻ.ഡി.പി യോഗം യൂത്ത്മൂവ്മെന്റ് കോഴിക്കോട് ജില്ലാ നേതൃയോഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ കൺവീനർ മെവിൽ പി.സി സ്വാഗതം പറഞ്ഞു. ജില്ലാ ചെയർമാൻ ഷിജിത്ത് വടകര അധ്യക്ഷത വഹിച്ചു. കേന്ദ്ര സമിതി വൈസ് ചെയർമാൻ റെനിഷ് വി റാം മുഖ്യപ്രഭാഷണം നടത്തി. കേന്ദ്ര സമിതി ജോയന്റ് കൺവീനർ രാജേഷ് .പി മാങ്കാവ് സംഘടന കാര്യങ്ങൾ വിശദീകരിച്ചു. ആഷിക് വിശ്വനാഥ്, ശ്രീജു, ഗോപിദാസ്, അജിത്ത്, അദ്വൈത് ഭരത് എന്നിവർ സംസാരിച്ചു. ജില്ലാ ട്രഷറർ ബിനിൽ നന്ദി പറഞ്ഞു.



# ആഷസിൽ ഇംഗ്ലണ്ടിന്റെ തിരിച്ചടി; ജയം മൂന്ന് വിക്കറ്റിന്

ഹെഡിങ്‌ലി: ആവേശകരമായ ആഷസ് പരമ്പരയിലെ മൂന്നാം ടെസ്റ്റ് മത്സരത്തിൽ ഓസ്ട്രേലിയയെ മൂന്ന് വിക്കറ്റിന് തകർത്ത് ആതിഥേയരായ ഇംഗ്ലണ്ട്. ഒരു ദിവസം ബാക്കിനിൽക്കെയാണ് ഇംഗ്ലണ്ടിന്റെ വിജയം. ഓസ്ട്രേലിയ ഉയർത്തിയ 251 റൺസ് വിജയലക്ഷ്യം രണ്ടാം ഇന്നിങ്സിൽ ഇംഗ്ലണ്ട് ഏഴ് വിക്കറ്റ് നഷ്ടത്തിൽ മറികടന്നു.

ഈ വിജയത്തോടെ അഞ്ചു മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇംഗ്ലണ്ട് പ്രതീക്ഷകൾ സജീവമാക്കി. ഇതോടെ സ്കോർ 2-1 ആയി. ആദ്യ രണ്ട് ടെസ്റ്റുകളിലും ഓസ്ട്രേലിയ വിജയിച്ചിരുന്നു. മൂന്നാം ടെസ്റ്റിൽ വിജയിച്ചിരുന്നെങ്കിൽ ഓസീസിന് പരമ്പര നേടാനാകുമായിരുന്നു.

വിക്കറ്റ് നഷ്ടപ്പെടാതെ 27 റൺസ് എന്ന നിലയിൽ നാലാം ദിനം ബാറ്റിങ് ആരംഭിച്ച ഇംഗ്ലണ്ടിന് അത്ര എളുപ്പമായിരുന്നില്ല കാര്യങ്ങൾ. സ്കോർ 42-ൽ എത്തിയപ്പോൾ ഓപ്പണർ ബെൻ ഡക്കറ്റ് പുറത്തായി. പിന്നാലെ തുടർച്ചയായി വിക്കറ്റുകൾ വീണപ്പോൾ ഇംഗ്ലണ്ട് പതറി. എന്നാൽ അഞ്ചാമനായി ക്രീസിലെത്തിയ ഹാരി ബ്രൂക്കിന്റെ ഉജ്ജ്വല പ്രകടനം ടീമിന് തുണയായി. 93 പന്തുകളിൽ നിന്ന് 75 റൺസാണ് ബ്രൂക്ക് നേടിയത്. ഈ ഇന്നിങ്സിന്റെ ബലത്തിലാണ് ഇംഗ്ലണ്ട് വിജയം നേടിയത്.



ഇംഗ്ലണ്ടിൻറെ വിജയം ആഘോഷിക്കുന്ന ക്രിസ് വോക്സും മാർക് വുഡും

എട്ടാം വിക്കറ്റിൽ ക്രിസ് വോക്സും (32) മാർക്ക് വുഡും (16) ചേർന്ന് നടത്തിയ രക്ഷാപ്രവർത്തനമാണ് ഇംഗ്ലണ്ടിനെ വിജയതീരത്തെത്തിച്ചത്. ഇരുവരും 24 റൺസാണ് നേടിയത്. വോക്സിനെക്കൂടാതെ ഓപ്പണർ സാക് ക്രോളിയും (44) മികച്ച പ്രകടനം പുറത്തെടുത്തു. ഓസ്ട്രേലിയയ്ക്ക് വേണ്ടി മിച്ചൽ സ്റ്റാർക്ക് അഞ്ചുവിക്കറ്റ് വീഴ്ത്തി.

ആദ്യ ഇന്നിങ്സിൽ ഓസ്ട്രേലിയ 263 റൺസെടുത്തപ്പോൾ ഇംഗ്ലണ്ടിന് 237 റൺസെടുക്കാനേ സാധിച്ചുള്ളൂ. എന്നാൽ രണ്ടാം ഇന്നിങ്സിൽ വെറും 224 റൺസിന് ഓൾ ഔട്ടായതാണ് ഓസീസിന് തിരിച്ചടിയായത്. ഇതോടെ ഇംഗ്ലണ്ട് മത്സരത്തിൽ പിടിമുറുക്കി. പരമ്പരയിലെ നാലാം ടെസ്റ്റ് മത്സരം ജൂലായ് 19 ന് നടക്കും.

# സഹൽ ബ്ലാസ്റ്റേഴ്സ് വിടുന്നു; താരത്തെ റാഞ്ചുന്നത് വമ്പന്മാർ

കേരള ബ്ലാസ്റ്റേഴ്സ് സൂപ്പർ താരം സഹൽ അബ്ദുൾ സമദ് അടുത്ത സീസണിൽ ടീമിനൊപ്പം ഉണ്ടാവില്ലെന്ന് ഏകദേശം ഉറപ്പായി. താരത്തെ വിട്ടുനൽകാൻ ക്ലബ്ബ് നേരത്തെ തന്നെ തീരുമാനമെടുത്തിരുന്നു.

ആറ് വർഷത്തെ കരിയറിന് ശേഷമാണ് സഹൽ ബ്ലാസ്റ്റേഴ്സ് വിടാനൊരുങ്ങുന്നത്. താരത്തെ റാഞ്ചാൻ ലീഗിലെ മുൻനിര ക്ലബ്ബുകൾ തന്നെയാണ് ഉണ്ടായിരുന്നത്. ഏറ്റവും കൂടിയ തുകയ്ക്ക് സഹലിനെ വിട്ടുനൽകാനാണ് കേരള ബ്ലാസ്റ്റേഴ്സ് കാത്തിരുന്നത്.

ഒടുവിൽ അത് സംഭവിക്കാൻ പോവുകയാണ്. റെക്കോർഡ് തുകയ്ക്ക് സഹൽ നിലവിലെ ഐഎസ്എൽ ജേതാക്കളായ മോഹൻ ബഗാൻ സൂപ്പർ ജയൻറ്സിലേക്ക് മാറാൻ പോവുകയാണ്. ലീഗിൻെറ ചരിത്രത്തിലെ തന്നെ ഏറ്റവും കൂടിയ തുകയ്ക്ക് ആയിരിക്കും സഹലിൻെറ ട്രാൻസ്ഫർ നടക്കുകയെന്ന് റിപ്പോർട്ടുണ്ട്. വരുന്ന ആഴ്ചയിൽ തന്നെ ഔദ്യോഗിക പ്രഖ്യാപനം നടക്കുമെന്നാണ് സൂചന.

2017ലാണ് സഹൽ കേരള ബ്ലാസ്റ്റേഴ്സിനൊപ്പം ചേരുന്നത്. 2025 വരെ ക്ലബ്ബിന് താരവുമായി കരാറുണ്ട്. നിലവിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ ചരിത്രത്തിൽ ക്ലബ്ബിനായി ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ചിട്ടുള്ള താരമാണ് സഹൽ. 97 മത്സരങ്ങളിൽ ബ്ലാസ്റ്റേഴ്സിന് വേണ്ടി കളിച്ച സഹൽ ആകെ 10 ഗോളുകൾ അടിക്കുകയും 9 ഗോളിന് അസിസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഐഎസ്എല്ലിലെ ഏത് ക്ലബ്ബും കൊതിക്കുന്ന അറ്റാക്കിങ് മിഡ്ഫീൽഡറാണ് സഹൽ അബ്ദുൾ സമദ്. മുൻനിര ക്ലബ്ബുകൾക്കെല്ലാം തന്നെ താരത്തെ സ്വന്തമാക്കാൻ താല്പര്യമുണ്ട്. മോഹൻ ബഗാൻ സൂപ്പർ ജയൻറ്സ്, ബെംഗളൂരു എഫ്സി, മുംബൈ സിറ്റി എഫ്സി എന്നിവയെല്ലാം താരത്തിനായി നേരത്തെ തന്നെ രംഗത്തുള്ള ക്ലബ്ബുകളാണ്.



ശുക്ലയുടെ വീട് ജെസിബി ഉപയോഗിച്ചു തകർത്ത നിലയിൽ

# ദേഹത്തു മൂത്രമൊഴിച്ച പ്രതിയുടെ വീട് പുനർ നിർമിച്ചു നൽകുമെന്ന്

മധ്യപ്രദേശിൽ ആദിവാസി യുവാവിന്റെ മുഖത്ത് മൂത്രമൊഴിച്ച സംഭവത്തിലെ പ്രതി പ്രവേഷ് ശുക്ലയുടെ വീട് പുനർനിർമിച്ചു നൽകുമെന്ന് ബ്രാഹ്മണ സമാജം. പ്രവേശ് ശുക്ലയുടെ വീട് പുനർനിർമിച്ചു നൽകുന്നതിനായി ബ്രാഹ്മണ സമാജത്തിന്റെ നേതൃത്വത്തിൽ പണപിരിവു നടക്കുന്നതായി ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. വീട് പൊളിച്ചു നീക്കിയതിൽ സംഘടന നേരത്തെ പ്രതിഷേധം അറിയിച്ചിരുന്നു.

കേസിലെ പ്രതിയായ പ്രവേഷ് ശുക്ലയുടെ മാതാപിതാക്കളും ഭാര്യയും മൂന്നുവയസ്സുമുള്ള മകളുമാണ് വീട്ടിലെ താമസക്കാർ. പ്രതി ചെയ്ത കുറ്റത്തിന് വീട്ടുകാരെ ഉപദ്രവിക്കുന്ന നടപടി ശരിയല്ലെന്ന് നേരത്തെ തന്നെ ബ്രാഹ്മണ സമാജം വ്യക്തമാക്കിയിരുന്നു. കുബ്രി ഗ്രാമത്തിലെ വീട് തന്റെ മുത്തശ്ശി നിർമിച്ചതാണെന്നും അത് പ്രവേഷിന്റെ പിതാവിന്റെ പേരിലുള്ളതല്ലെന്നും ഭാര്യ കാഞ്ചൻ പറഞ്ഞു.

ധനസമാഹരണത്തിനായി പ്രവേഷിന്റെ പിതാവ് രമാകാന്ത് ശുക്ലയുടെ അക്കൗണ്ട് നമ്പർ സമുദായത്തിന്റെ വാട്സാപ്പ് ഗ്രൂപ്പിൽ പങ്കുവച്ചു. തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നിരവധിപേർ സഹായധനം കൈമാറി. "തകർന്ന വീട് പുനർനിർമിക്കാൻ സംഘടന തീരുമാനിച്ചിട്ടുണ്ട്. പ്രതി കുറ്റം ചെയ്തതിന് എന്തിനാണ് വീട്ടുകാരെ ശിക്ഷിക്കുന്നത്? ഞങ്ങൾ ആദ്യഗഡുവായി 51,000 രൂപ കുടുംബത്തിനു കൈമാറി. വീടിന്റെ പുനർ നിർമാണത്തിനായി ജനങ്ങൾ സഹായിക്കുന്നുണ്ട്. പ്രതിയുടെ വീട് തകർത്ത നടപടിക്കെതിരെ മധ്യപ്രദേശ് ഹൈക്കോടതിയിൽ സമാജം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്." അഖില ഭാരതീയ ബ്രാഹ്മണ സമാജം സംസ്ഥാന പ്രസിഡന്റ് പുഷ്പേന്ദ്ര മിശ്ര പറഞ്ഞു.



# സ്വർണവിലയിൽ നേരിയ ഇടിവ്

സംസ്ഥാനത്ത് സ്വർണവിലയിൽ നേരിയ ഇടിവ്. ഇന്ന് ഗ്രാമിന് 10 രൂപ കുറഞ്ഞ് വില 5445 രൂപയിലെത്തി. ഒരു പവൻ സ്വർണത്തിന് വില 43,560 രൂപയുമായി. 18 കാരറ്റിന്റെ ഒരു ഗ്രാം സ്വർണത്തിന് വില 4508 രൂപയാണ്.

1നായഴ്ച സ്വർണവിലയിൽ ചെറിയ കുതിപ്പ് രേഖപ്പെടുത്തിയിരുന്നു. ഗ്രാമിന് 40 രൂപയും പവന് 320 രൂപയുമാണ് കൂടിയത്. ഇതോടെ ഒരു ഗ്രാം സ്വർണത്തിന് വില 5455 രൂപയിലെത്തിയിരുന്നു. ഒരു പവൻ സ്വർണത്തിന് വില 43640 രൂപയുമായിരുന്നു.ഏപ്രിൽ 14ന് സ്വർണവില സർവകാല റെക്കോർഡിലെത്തിയിരുന്നു. ഗ്രാമിന് 55 രൂപ വർധിച്ചാണ് വില റെക്കോർഡ് മറികടന്ന് 5665 രൂപയിലെത്തിയത്. പവന് 45,320 രൂപയുമായിരുന്നു അന്നത്തെ വില. ഇതിന് മുൻപ് ഏപ്രിൽ 5നാണ് സംസ്ഥാനത്ത് സ്വർണവില റെക്കോർഡിട്ടത്. ഗ്രാമിന് 5625 രൂപയായിരുന്നു അന്നത്തെ റെക്കോർഡ് നിരക്ക്.

# ടൊവിനോയുടെ പുതിയ ചിത്രം 'ഐഡന്റിറ്റി' ; നായിക ത്രൃഷ

ടൊവിനോയുടെ പുതിയ ചിത്രം 'ഐഡന്റിറ്റി' പ്രഖ്യാപിച്ചു. ഫോറൻസിക് എന്ന സിനിമയ്ക്ക് ശേഷം ടൊവിനോയും അഖിൽ പോൾ- അനസ്ഖാൻ കൂട്ടുകെട്ടിൽ ഒരുങ്ങുന്ന ചിത്രമാണിത്. തെന്നിന്ത്യൻ താരം ത്രിഷയാണ് ചിത്രത്തിൽ നായിക. 50 കോടിയിൽ പരം മുതൽമുടക്കിൽ നാല് ഭാഷകളിലായി വമ്പൻ ക്യാൻവാസിലാണ് ചിത്രമൊരുങ്ങുന്നത്.

ഇതൊരു ആക്ഷൻ ചിത്രമായിരിക്കും. നൂറിൽപരം ദിവസങ്ങൾ ചിത്രീകരണം പദ്ധതിയിടുന്ന ഐഡന്റിറ്റിയിൽ മുപ്പതോളം ദിവസങ്ങൾ ആക്ഷൻ രംഗങ്ങൾ മാത്രം ഒരുക്കുവാനാണ് നീക്കിവെച്ചിരിക്കുന്നത്.



തൃഷ, ടൊവിനോ തോമസ് എന്നിവരെക്കൂടാതെ വമ്പൻ താരനിര തന്നെ ചിത്രത്തിലുണ്ടാകുമെന്നാണ് റിപ്പോർട്ട്. രാഗം മൂവീസിന്റെ ബാനറിൽ രാജു മല്യത്ത് സെഞ്ചറി കൊച്ചുമോനുമായി ചേർന്നാണ് നിർമ്മിക്കുന്നത്. അവതരണ മികവുകൊണ്ടും സാങ്കേതിക മികവു കൊണ്ടും ഏറെ നിരൂപക പ്രശംസ പിടിച്ചുപറ്റിയ ഫോറൻസിക്ക് ശേഷം കൂട്ടുകെട്ട് വീണ്ടും ഒന്നിക്കുമ്പോൾ പ്രേക്ഷക പ്രതീക്ഷകളും വാനോളം ആണ്.

# ലൈസൻസില്ലാതെ വാഹനം ഓടിച്ച പ്രായപൂർത്തിയാകാത്ത 940 പേരെ പിടികൂടി

കുവൈത്തിൽ 2023 ആദ്യ പകുതിയിൽ ലൈസൻസില്ലാതെ വാഹനം ഓടിച്ച 940 പ്രായപൂർത്തിയാകാത്തവരെ പിടികൂടിയതായി ട്രാഫിക് വിഭാഗം അറിയിച്ചു.

പിടികൂടിയ കുട്ടികളെ ജുവനൈൽ പ്രോസിക്യൂഷന് കൈമാറി. ആഭ്യന്തര മന്ത്രാലയത്തിന് കീഴിലെ ജനറൽ ഡിപ്പാർട്ട്മെന്റാണ് കണക്കുകൾ പുറത്ത് വിട്ടത്.

ആഭ്യന്തര മന്ത്രി ഷെയ്ഖ് തലാലിൻറെ നിർദ്ദേശപ്രകാരമാണ് വാഹന പരിശോധന കർശനമാക്കിയത്. സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ആറു മാസത്തിനിടെ രാജ്യത്തെ വിവിധ ഗാരേജിൽ നിന്ന് 2,494 വാഹനങ്ങളും 1,540 സൈക്കിളുകളും കണ്ടുകെട്ടി.

ഇതിൽ 517 വാഹനങ്ങൾ മോഷ്ടിച്ചവയാണ്. അതിനിടെ ഏതെങ്കിലും ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തിയാൽ ട്രാഫിക് വിഭാഗത്തിൻറെ എമർജൻസി നമ്പറിലേക്കോ, വാട്ട്സ്ആപ്പ് നമ്പറിലേക്കോ ബന്ധപ്പെടണമെന്ന് ആഭ്യന്തര മന്ത്രാലയം അഭ്യർഥിച്



# നിറം മാറി വന്ദേഭാരത്; വെള്ളയ്ക്കും നീലയ്ക്കും പകരം കാവിയും ഗ്രേയും

ചെന്നൈ: വന്ദേഭാരത് ട്രെയിനുകൾക്ക് ഇനി പുതിയ നിറം. വെള്ളയും നീലയും നിറത്തിന് പകരം ഇനി കാവി -ചാര നിറത്തിലാണ് പുതിയ ട്രെയിനുകൾ പുറത്തിറങ്ങുക. നിലവിലുള്ളത് കഴുകി വൃത്തിയാക്കുന്നതിലുള്ള പ്രയാസം കാരണമാണ് പുതിയ നിറങ്ങൾ തെരഞ്ഞെടുത്തതെന്നാണ് വിവരം.

ചെന്നൈയിലെ ഇൻഗ്രൽ കോച്ച് ഫാക്ടറിയിൽ പുതിയ ട്രെയിനുകളുടെ കോച്ച് നിർമാണം പുരോഗമിക്കുകയാണ്. റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ് ചെന്നൈയിലെത്തി പുതിയ കോച്ചുകളുടെ നിർമാണ പുരോഗതി വിലയിരുത്തി. നിലവിൽ സർവീസ് നടത്തുന്ന ട്രെയിനുകൾക്ക് ചില സാങ്കേതിക പോരായ്മകൾ കണ്ടെത്തിയിട്ടുണ്ട്. അത് പരിഹരിച്ചാകും പുതിയ കോച്ചുകളുടെ നിർമാണമെന്നും മന്ത്രി അറിയിച്ചു.



മേക്ക് ഇൻ ഇന്ത്യയുടെ ഭാഗമായാണ് പുതിയ വന്ദേഭാരത് കോച്ചുകൾ നിർമിച്ചത്. രാജ്യത്തെ തന്നെ എൻജിനീയർമാരും സാങ്കേതിക പ്രവർത്തകരുമാണ് നിർമാണത്തിനുണ്ടായിരുന്നത്. യാത്രക്കാരിൽ നിന്നും ലഭിച്ച പ്രതികരണങ്ങൾ കൂടി മുൻനിർത്തിയാണ് പുതിയ കോച്ചുകൾ ഡിസൈൻ ചെയ്തിരിക്കുന്നും മന്ത്രി കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദിവസം രണ്ട് വന്ദേഭാരത് എക്സ്പ്രസുകളുടെ കൂടി ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചിരുന്നു. ഗൊരഖ്പൂർ-ലക്നോ, ജോധ്പൂർ-സബർമതി റൂട്ടുകളിൽ സർവീസ് നടത്തുന്ന വന്ദേഭാരത് എക്സ്പ്രസുകളുടെ ഫ്ലാഗ് ഓഫുകളാണ് പ്രധാനമന്ത്രി നിർവഹിച്ചത്.

# ഏകദിന ലോകകപ്പ് ബഹിഷ്കരിക്കുമെന്ന് പാകിസ്ഥാൻ മന്ത്രിയുടെ ഭീഷണി

ഏഷ്യ കപ്പിനായി ഇന്ത്യ നിഷ്പക്ഷ വേദിക്കായി വാശി പിടിച്ചാൽ ലോകകപ്പ് മത്സരങ്ങൾക്കായി പാകിസ്ഥാനെ ഇന്ത്യയിലേക്ക് അയക്കില്ലെന്ന് പാക് കായിക മന്ത്രി എഹ്സാൻ മസാരി.

ഏഷ്യകപ്പിനായി ഇന്ത്യ നിഷ്പക്ഷ വേദി ആവശ്യപ്പെടുകയാണെങ്കിൽ ഇന്ത്യയിലെ ലോകകപ്പ് മത്സരങ്ങൾക്ക് പാകിസ്ഥാൻ നിഷ്പക്ഷ വേദി ആവശ്യപ്പെടുമെന്ന് എഹ്സാൻ മസാരി പറയുന്നു.

പാകിസ്ഥാൻ പ്രധാനമന്ത്രി ഷഹബാസ് ഷെരീഫ് പാകിസ്ഥാന്റെ ലോകകപ്പ് പങ്കാളിത്തം ഉറപ്പാക്കാൻ ഉന്നതാധികാര സമിതിക്ക് രൂപം നൽകിയതിന് പിന്നാലെയാണ് മസാരി പ്രതികരണവുമെത്തിയത്. ഒക്ടോബർ നവംബർ മാസങ്ങളിലാണ് ഇന്ത്യയിൽ ലോകകപ്പ് മത്സരങ്ങൾ നടത്താൻ നിശ്ചയിച്ചിരിക്കുന്നത്.

പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡിന്റെ പുതിയ അധ്യക്ഷൻ വരും ദിവസങ്ങളിൽ ദക്ഷിണാഫ്രിക്കയിൽ നടക്കുന്ന ഐസിസി യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ഈ യോഗത്തിൽ ഏഷ്യൻ ക്രക്കറ്റ് കൗൺസിൽ തലവൻ കൂടിയായ ബിസിസിഐ സെക്രട്ടറി ജയ്ഷായും പങ്കെടുക്കുന്നുണ്ട്. ഏഷ്യാകപ്പ്, ലോകകപ്പ് മത്സരങ്ങളിലെ ഇരുകൂട്ടരുടെയും പങ്കാളിത്തത്തെക്കുറിച്ച് ചർച്ചകൾ നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.



ഏഷ്യകപ്പ് മത്സരക്രമം ഇതുവരെ പുറത്തുവന്നിട്ടില്ലെങ്കിലും പാകിസ്ഥാനിലും ശ്രീലങ്കയിലുമായാണ് നടക്കാൻ നിശ്ചയിച്ചിരിക്കുന്നത്. ഇന്ത്യയുടെ മത്സരങ്ങൾ ശ്രീലങ്കയിൽ നടത്തുമെന്നാണ് സൂചന. എന്നാൽ ഹൈബ്രിഡ് മാതൃകയിൽ മത്സരങ്ങൾ നടത്തുന്നതിനോട് യോജിപ്പില്ലെന്ന് മസാരി പറഞ്ഞു. എന്തുകൊണ്ടാണ് ഇന്ത്യൻ ഗവൺമെന്റ് അവരുടെ ക്രിക്കറ്റ് ടീമിനെ പാകിസ്ഥാനിലേക്ക് അയക്കാത്തതെന്ന് മനസിലാകുന്നില്ലെന്നാണ് മസാരി പറയുന്നത്. മത്സരങ്ങൾക്ക് ഇന്ത്യയിൽ നിന്ന് അനുകൂല തീരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് മസാരി വ്യക്തമാക്കി.

ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 17 വരെയാണ് ഏഷ്യാകപ്പ് മത്സരം നടക്കുക. ടൂർണമെന്റിലെ ഭൂരിഭാഗം മത്സരങ്ങളും ശ്രീലങ്കയിലാണ്. ആദ്യ നാലു കളികൾ പാക്കിസ്ഥാനിൽ നടത്തും.

13 മത്സരങ്ങളാണ് ടൂർണമെന്റിൽ നടക്കുക. മത്സരങ്ങൾക്കായി ഇന്ത്യൻ ടീമിനെ പാക്കിസ്ഥാനിലേക്കു വിടില്ലെന്ന് ബിസിസിഐ തുടക്കം മുതൽ അറിയിച്ചിരുന്നു. സുരക്ഷാ കാരണങ്ങളാൽ പാകിസ്ഥാനിൽ കളിക്കാനാവില്ലെന്ന് ബിസിസിഐ നിലപാട് സ്വീകരിക്കുകയായിരുന്നു.

ഏഷ്യാകപ്പ് ആതിഥേയത്വം നഷ്ടമായാൽ ഇന്ത്യയിൽ നടക്കുന്ന ഏകദിന ലോകകപ്പ് അടക്കം ബഹിഷ്കരിക്കുമെന്ന് പാക്കിസ്ഥാൻ ക്രിക്കറ്റ് ബോർഡ് ഭീഷണിമുഴക്കിയിരുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള രാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തി സർക്കാർ അനുമതി നൽകിയാൽ മാത്രം ലോകകപ്പ് കളിക്കാൻ ഇന്ത്യയിലേക്കു വരാമെന്നായിരുന്നു പാക് ക്രിക്കറ്റ് ബോർഡിന്റെ നിലപാട്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.